ലക്കം 2 ❖ ഏപ്രിൽ 2023 ❖ പുസ്തകം 151

# മാതൃമൊഴി...

പ്രിയ മദേഴ്സ് & സിസ്റ്റേഴ്സ്,

ഈസ്റ്റർ പ്രത്യാശയുടേയും സന്തോഷത്തിന്റേയും സമാധാന ത്തിന്റേയും തിരുനാളാണ്. മരണം ജീവിതത്തിന്റെ അവസാനമല്ലെന്നും നിത്യജീവിതത്തിലേക്കുള്ള കവാടമാണെന്നും ഈസ്റ്റർ നമ്മെ ഓർമ്മ പ്പെടുത്തുന്നു. സഭയിലെ തിരുനാളുകളുടെ എല്ലാം അടിസ്ഥാന തിരു നാളും പെരുനാളിൽ വലിയ പെരുനാളുമായ ഈസ്റ്റർ നാം ആഘോ ഷിക്കുമ്പോൾ ഉത്ഥിതനായ ഈശോയുടെ സമാധാനവും സന്തോ ഷവും നമ്മുടെ സമൂഹത്തിലും  ഭവനങ്ങളിലും സഭയിലും ലോകം മുഴുവനിലും നിറയട്ടെ എന്ന് ആത്മാർത്ഥമായി നമുക്ക് പ്രാർത്ഥിക്കാം

സഹനത്തിനും മരണത്തിനുമപ്പുറം ഒരു ഉത്ഥാനമുണ്ടെന്നും അനു ദിന ജീവിതാനുഭവങ്ങളിലൂടെ നാം മുൻപോട്ടു നീങ്ങുമ്പോൾ മഹത്വീ കൃതനായ ക്രിസ്തു നമ്മോടൊപ്പം നടക്കുന്നുണ്ടെന്നുമുള്ള സത്യമാണ് ഈ ഈസ്റ്റർ ദിനത്തിൽ നമ്മുടെ ഹൃദയത്തിൽ നാമോരോരുത്തരും കോറിയിടേണ്ടത്. അവൻ നമ്മുടെ കൂടെയുണ്ടെന്ന ബോധ്യത്തോടു കൂടി യഥാർത്ഥ ഈസ്റ്ററിന്റെ ചൈതന്യത്തിൽ ജീവിക്കുവാൻ ഈ ഉയിർപ്പു തിരുനാൾ നമ്മെ സഹായിക്കട്ടെയെന്ന പ്രാർത്ഥനയോടെ ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശം സിക്കുന്നു.

**സുപ്പീരിയേഴ്സ് കോൺഫറൻസ് – കിരണം 2023**

ജനുവരി 24, ഫെബ്രുവരി 2, മാർച്ച് 25 എന്നീ തീയതികളിലായി നമ്മുടെ 5 പ്രോവിൻസുകളിലേയും സുപ്പീരിയേഴ്സിനെ ഒരുമിച്ചു കാണു വാനും സിനഡാത്മക നേതൃത്വം എന്ന ആശയത്തിന് ഊന്നൽ നൽകി ക്കൊണ്ട് ചിന്തകൾ പങ്കു വയ്ക്കുവാനും കഴിഞ്ഞത് ദൈവത്തിന്റെ പ്രത്യേക പരിപാലനയാണെന്ന് വിശ്വസിക്കുന്നു. അതിൽ ഏറെ സന്തോ ഷിക്കുന്നു. സുവിശേഷത്തിന് സാക്ഷികളാകുവാൻ വിളിക്ക പ്പെട്ടിരിക്കുന്ന നമ്മുടെ കൂട്ടുത്തരവാദിത്വം ബോധ്യപ്പെട്ടുകൊണ്ടു തന്നെ, നമ്മുടെ ഒരുമിച്ചുള്ള യാത്രയിൽ കൂട്ടായ്മ ശക്തിപ്പെടുത്തുക എന്ന കൂട്ടായ തീരുമാനത്തിൽ നമുക്ക് ഏറെ ശ്രദ്ധ നൽകാം.

### ജനറൽ അഡ്വൈസറി കൗൺസിൽ – ദിവീനോ 2023

മാർച്ച് 7-ാം തീയതി ജനറലേറ്റിൽ വച്ച് സമ്മേളിച്ച ജനറൽ അഡ്വൈസറി കൗൺസിലിൽ 5 പ്രോവിൻസുകളുടേയും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സും തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ സിസ്റ്റേഴ്സും പങ്കെടുത്തു എന്നത് ഏറെ അഭിനന്ദനാർഹമാണ്. പ്രസ്തുത സമ്മേളനത്തിൽ ബഹു. ഫാ. ജേക്കബ് കോയിപ്പള്ളി നയിച്ച ക്ലാസ്സിൽ സിനഡാലിറ്റി എന്ന ആശയത്തിന്റെ പ്രായോഗിക മാനങ്ങൾ ചർച്ച ചെയ്യപ്പെട്ടു. കൂട്ടായ്മയുടെ ആദ്ധ്യാത്മീകതയിൽ വളരുക എന്ന പരിശുദ്ധ മാർപ്പാപ്പയുടെ പ്രത്യേക ആഹ്വാനത്തിന് കാതോർത്തുകൊണ്ട് കമ്മ്യൂണിറ്റിയിലെ എല്ലാ അംഗങ്ങളേയും ചേർത്തു പിടിച്ച് ശതാബ്ദിയുടെ ഒരുക്കത്തിനായി നമുക്ക് തയ്യാറാകാം

### വൊക്കേഷൻ-മിഷൻ-ഫോർമേഷൻ മീറ്റ് – ഹെറാൾഡ് 2023

ഹെറാൾഡ് 2023 എന്ന പേരിൽ മാർച്ച് 10-ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 11-ാം തീയതി വൈകിട്ട് 4.30 മണി വരെ ജനറലേറ്റിൽ വച്ച് ക്രമീകരിച്ച കൂടിവരവിൽ 60 സിസ്റ്റേഴ്സ് പങ്കെടുത്തു. പ്രസ്തുത സമ്മേളനത്തിൽ നമ്മുടെ ഏറ്റം പ്രധാന ശ്രദ്ധ കൊടുക്കേണ്ടതായ മേഖലകളിൽ ഉൾപ്പെടുന്ന സിസ്റ്റേഴ്സിനെ ശാക്തീകരിക്കുന്നതിന് ഉതകുന്ന ഒരു സെഷനിലൂടെ ആശയങ്ങൾ പങ്കു വയ്ക്കാൻ കഴിഞ്ഞു എന്നത് ഏറെ സന്തോഷകരം തന്നെ. 11-ാം തീയതി ബഹു. ഫാ. വർഗ്ഗീസ് വാലിക്കോടത്ത് പങ്കു വച്ച ചിന്തകൾ നമ്മുടെ മിഷനിൽ നാം ചെയ്യേണ്ട ഏറ്റം പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ, അവയുടെ പ്രായോഗികതലം ഇവയെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാക്കുന്നതിന് സഹായകമായി.

ഇടവകമക്കളെ കൗദാശികമായി ഒരുക്കുക, ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബങ്ങളെ സ്നേഹത്തിൽ ഒന്നിപ്പിക്കുക, ഭക്തസംഘടനകളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി അവയുടെ പ്രവർത്തനങ്ങളിൽ പങ്കുചേരുക, പ്രോ-ലൈഫ്, യൂത്ത് മിനിസ്ട്രി തുടങ്ങിയവയിലൂടെ എം.സി.വൈ.എം., എം.സി.സി.എൽ കുട്ടികൾക്ക് ദിശാബോധം നൽകി ചതിക്കുഴികളിൽ നിന്ന് രക്ഷിക്കുക എന്നിവയിലൂടെ നമ്മുടെ മിഷൻ പ്രവർത്തനം സന്യാസസംസ്ക്കാരത്തിന് യോജിച്ച വിധം നടത്തുന്നതിന് എല്ലാ സിസ്റ്റേഴ്സും പ്രത്യേക താല്പര്യത്തോടെ ഉൾച്ചേരേണ്ടതാണ്.

### ദൈവവിളി

എല്ലാ പ്രോവിൻസുകളിലും വളരെ സജീവമായി നടത്തിവരുന്ന Angels' Meet, Home Mission എന്നിവ അനുഗ്രഹകരമായി ക്രമീകരിച്ച

പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനും കൗൺസിലേഴ്സിനും സിസ്റ്റേഴ്സിനും പ്രത്യേകമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ദൈവവിളി കുറയുന്ന ഈ സാഹചര്യത്തിൽ ഭവനസന്ദർശനത്തിലൂടെ കുടുംബ പ്രേഷിതത്വശാക്തീകരണം ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ് ഭവനസന്ദർശനം കൂടുതൽ ഊർജ്ജിതമാക്കുന്നതിൽ സിസ്റ്റേഴ്സ് പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മിഷൻ പ്രവർത്തനത്തിൽ ഉള്ള നമ്മുടെ ഉൾച്ചേരൽ എത്രമാത്രം സജീവമാകുന്നുവോ അത്രമാത്രം ദൈവവിളി പ്രോത്സാഹനത്തിൽ നമുക്ക് പങ്കു ചേരാൻ കഴിയും എന്ന് നാം ഓർത്തിരിക്കേണ്ടതാണ്. ഒപ്പം, ദൈവവിളിക്കുള്ള സാക്ഷ്യപത്രവും ക്ഷണക്കത്തും നമ്മുടെ ജീവിതമാതൃകയാണ് എന്ന യാഥാർത്ഥ്യം ഹൃദയപൂർവ്വം നമുക്ക് ഓർത്തെടുക്കാം.

**ആത്മീയനവീകരണം**

നമ്മുടെ സമൂഹത്തിന്റെ ശതാബ്ദിക്കു മുന്നൊരുക്കമായി നാം നടത്തിവരുന്ന 10 ദിന ഈവാനിയൻ ധ്യാനം 2023 മെയ് 16 മുതൽ 27 വരെ തീയതികളിൽ ജനറലേറ്റിൽ വച്ച് ക്രമീകരിക്കുന്ന വിവരം അറിയിക്കുന്നു. ജനറലേറ്റിലോ, പ്രോവിൻസുകളിലോ നടത്തപ്പെട്ട ഈവാനിയൻ ധ്യാനത്തിൽ ഇതുവരെയും സംബന്ധിക്കാത്ത സിസ്റ്റേഴ്സ് താഴെ പറയുന്ന ക്രമത്തിൽ ഓരോ പ്രോവിൻസിൽ നിന്നും വന്നു സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം - 12 | തിരുവല്ല - 12 |
| ബത്തേരി - 12 | |
| പത്തനംതിട്ട - 10 | മൂവാറ്റുപുഴ - 4 |

ധ്യാനത്തിൽ സംബന്ധിക്കുന്ന സിസ്റ്റേഴ്സിന്റെ പേരുവിവരം ജനറലേറ്റിൽ അറിയിക്കണേ. ജനറൽ തലത്തിൽ ജൂബിലേറിയൻസിനു വേണ്ടിയുള്ള ധ്യാനം 2023 ആഗസ്റ്റ് അവസാന ആഴ്ചയിൽ പ്രത്യേകം ക്രമീകരിക്കുന്നതായിരിക്കും.

**പ്രാർത്ഥനാശൃംഖല**

നമ്മുടെ സമൂഹത്തിന്റെ ശതാബ്ദിക്കു മുന്നൊരുക്കമായി 2023 ഏപ്രിൽ 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് സമൂഹത്തിലെ എല്ലാ അംഗങ്ങളും സമൂഹത്തിനു വേണ്ടിയും പരസ്പരവും പ്രാർത്ഥിക്കുന്നതിന് തയ്യാറാക്കിയ ലിസ്റ്റ് തിരുവനന്തപുരം

പ്രേവിൻസിൽ ആരംഭിച്ച് ഓരോ പ്രോവിൻസുകളിലേക്ക് ലഭ്യമാക്കുന്നതാണ്.

**ശതാബ്ദി പരിചിന്തന വിഷയങ്ങൾ**

2022 – 2023 : മിഷൻ ശാക്തീകരണം – കൂട്ടായ്മയിലൂടെ (Communion)
2023 – 2024 : മിഷൻ ശാക്തീകരണം – പങ്കാളിത്തത്തിലൂടെ (Participation)
2024 – 2025 : വിശുദ്ധിയിലേക്കുള്ള വിളി -സമ്പൂർണ്ണസന്യാസസമർപ്പണത്തിലൂടെ (Call to Holiness for Spiritual Empowerment).

**പഠന-വിലയിരുത്തൽ വിഷയങ്ങൾ**

| | |
|---|---|
| 2023 ഏപ്രിൽ | – വി. നിയമം |
| 2023 ഡിസംബർ | – 10 മദേഴ്സ് |
| 2024 ഡിസംബർ | – ധ്യാനകുസുമങ്ങൾ, പ്രാർത്ഥനാസഹായി |
| 2025 ഡിസംബർ | – വി.കുർബാന – ഒരു പഠനം, |
| | വി.കുമ്പസാരം – ഒരു പഠനം |

**കൂട്ടായ്മാജീവിതം**

ആഴമായ ദൈവസ്നേഹവും, ഈശ്വരാനുഭവത്തിലേക്ക് നയിക്കുന്ന ശാന്തിദമായ അന്തരീക്ഷവും അദ്ധ്വാനവും ആത്മസംയമനവും നിഷ്ഠയും ദൈവസ്നേഹം നിറഞ്ഞ ശുശ്രൂഷാജീവിതവുമായിരിക്കണം ബഥനിയുടെ ഭവനങ്ങളിലും സമൂഹകൂട്ടായ്മയിലും പ്രതിഫലിച്ചു കാണേണ്ടത് എന്ന വി. നിയമം ആർട്ടിക്കിൾ 9 പ്രാവർത്തികമാക്കാൻ നമുക്ക് ശ്രമിക്കാം. ഒന്നിച്ചുള്ള പ്രാർത്ഥന, ഭക്ഷണം, ഉല്ലാസം ഇവയിൽ സർവ്വാത്മനാ പങ്കു ചേർന്ന് കൂട്ടായ്മ പരിപോഷിപ്പിക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെ നമുക്ക് ഗൗരവമായെടുക്കാം.

**യൂക്കരിസ്റ്റിക് മിനിസ്റ്റേഴ്സ്**

യൂക്കരിസ്റ്റിക് മിനിസ്റ്റേഴ്സ് ആയി നമ്മുടെ സമൂഹത്തിൽ നിന്നും 53 സിസ്റ്റേഴ്സ് കൈവയ്പ് സ്വീകരിച്ചതിൽ ഏറെ അഭിമാനിക്കുന്നു. സിസ്റ്റേഴ്സിന് പ്രത്യേകം അഭിനന്ദനങ്ങൾ. ഏറ്റെടുത്തിരിക്കുന്ന ശുശ്രൂഷയുടെ ശ്രേഷ്ഠത ബോധ്യപ്പെട്ട് ഏറ്റം അനുഗ്രഹകരമായി ഈ നിയോഗം പൂർത്തീകരിക്കാൻ പ്രിയ സിസ്റ്റേഴ്സിന് സാധിക്കട്ടെ.

**അമേരിക്ക – കാനോനികസന്ദർശനം**

2023 മെയ് മാസം 3 മുതൽ 27 വരെ തീയതികളിൽ അമേരിക്കയിലെ നമ്മുടെ സിസ്റ്റേഴ്സിന്റെ കാനോനിക സന്ദർശനം നടത്തുന്ന

തിന് ഞാൻ പോകുന്ന വിവരം സമൂഹാംഗങ്ങളെ അറിയിക്കുന്നു. പ്രസ്തുത കാലയളവിൽ സമൂഹത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നത് അസി. സുപ്പീരിയർ ജനറൽ സിസ്റ്റർ ലില്ലി ജോസ് ആയിരിക്കും.

**എത്യോപ്യൻ സന്യാസാർത്ഥിനി (മെക്ഡെസ്) – കേരള സന്ദർശനം**


എത്യോപ്യായിലെ നമ്മുടെ സിസ്റ്റേഴ്സിന്റെ ത്യാഗത്തിന്റേയും, തീക്ഷ്ണതയോടു കൂടിയ മിഷൻ പ്രവർത്തനത്തിന്റേയും ഫലമായി നമുക്ക് ലഭിച്ച അർത്ഥിനികളിൽ ഒരാളായ മെക്ഡെസിന് കേരളത്തിലേക്ക് വന്ന് നമ്മുടെ സന്യാസസമൂഹത്തെക്കുറിച്ചും, പ്രോവിൻസുകളിലെ വിവിധ പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചും നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് സാധിച്ചു എന്നത് ദൈവപരിപാലനയായി കണ്ട് ദൈവത്തിന് നന്ദി അർപ്പിക്കുന്നു. നമ്മുടെ എല്ലാ പ്രോവിൻസുകളിലും മെക്ഡെസിനു നൽകിയ സ്നേഹത്തിനും കരുതലിനും അവിടെ നിന്നും നമുക്ക് ലഭിച്ച ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ മദേഴ്സിനോടും സിസ്റ്റേഴ്സിനോടും സമൂഹത്തിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു.

**നവശിഷ്യപരിശീലനം**

2023 – 2025 കാലയളവിലെ നമ്മുടെ സമൂഹത്തിന്റെ നവശിഷ്യപരിശീലനം നടത്തുന്നത് തിരുവനന്തപുരം പ്രോവിൻസിൽ വച്ചായിരിക്കും. പരിശീലനം നേടുന്നതിന് എത്യോപ്യായിലുള്ള മെക്ഡസ് ഉൾപ്പടെ 10 പേരാണ് ഉള്ളത്. സമൂഹമൊന്നാകെ അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അറിയിക്കുന്നു.

ഒരിക്കൽ കൂടി എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം



സിസ്റ്റർ ആർദ്ര SIC
സുപ്പീരിയർ ജനറൽ



# എഡിറ്റോറിയൽ

"ഈശോയുടെ പുനഃരുത്ഥാനം മിശിഹായിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പരമോന്നത സത്യമാണ്" (CCC 638) എന്ന് തിരുസഭ നമ്മെ പഠിപ്പിക്കുന്നു. ഈസ്റ്റർ സ്നേഹത്തിന്റെ ഉത്സവമാണ്. മരണത്തിനുപോലും വേർതിരിക്കാനാവാത്ത സ്നേഹത്തിന്റെ, കുഴിമാടങ്ങൾക്കുപോലും കീഴ്പ്പെടുത്താനാവാത്ത സ്നേഹത്തിന്റെ വലിയ പെരുന്നാൾ. വി. പൗലോസ് ശ്ലീഹ പറയുന്നു; "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം" (1 Cori. 15/14). ക്രിസ്തുവിന്റെ ഉത്ഥാനം പ്രധാനമായും വിരൽ ചൂണ്ടുന്നത് പ്രത്യാശ പകരുന്ന ഒരു ജീവിത സന്ദേശത്തിലേക്കാണ്. അന്ധകാരത്തിനപ്പുറത്ത് പ്രകാശവും പ്രക്ഷുബ്ധമായ തിരകൾക്കപ്പുറത്ത് പ്രശാന്തമായ അന്തരീക്ഷവും പരാജയത്തിനപ്പുറത്ത് വിജയവും വേദനകൾക്കപ്പുറത്ത് സന്തോഷവും മരണത്തിനപ്പുറത്ത് നിത്യജീവനും ഉണ്ട് എന്ന പ്രത്യാശയുടെ സന്ദേശമാണ് ഈസ്റ്റർ നമുക്ക് പകർന്നു നൽകുന്നത്. പ്രത്യാശയുടെ ജീവിതവഴികളിലേക്കുള്ള ഒരു കുതിച്ചുചാട്ടത്തിന് ഉത്ഥിതൻ നമ്മെ ക്ഷണിക്കുകയാണ്. നിഴൽ വീണ ഇടവഴികളിൽ നിന്ന് പ്രകാശത്തിന്റെ സമൃദ്ധിയിലേക്കുള്ള ഒരു കുതിച്ചുചാട്ടം.

പ്രത്യാശയുടെ സന്ദേശം ഈ ഉത്ഥാന തിരുന്നാൾ നമുക്ക് നൽകുന്നുവെങ്കിൽ, ഈ വിളി അനുനിമിഷവും ജീവിതത്തിൽ അന്വർത്ഥമാക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. അതായത്, ക്രിസ്തു തന്റെ ഉത്ഥാനം വഴി, നമ്മുടെ നിരാശ നിറഞ്ഞ ജീവിതാവസ്ഥകളെ പ്രത്യാശയുടെ പൊൻകിരണത്താൽ ശോഭായമാനമാക്കിയപോലെ, നാമും സഹജീവികളുടെ ജീവിതത്തിലേക്ക് പ്രത്യാശയായി കടന്നു ചെല്ലുക എന്ന വലിയ ദൗത്യത്തിലേക്കാണ് ഈ വിളി വിരൽ ചൂണ്ടുന്നത്. 'ഉത്ഥാനമാവുക' എന്ന ശ്രേഷ്ഠമായ വിളി സ്വീകരിക്കുവാൻ ക്രിസ്തുവിന്റെ ഉത്ഥാനം നമ്മെ ഓരോരുത്തരെയും ആഹ്വാനം ചെയ്യുന്നു.

നമ്മുടെ കർത്താവ് സർവ്വശക്തനാണ് എന്ന് വിശ്വസിക്കുന്ന വന്റെ മുമ്പിൽ, അവനിൽ പ്രത്യാശ അർപ്പിക്കുന്നവന്റെ മുമ്പിൽ കർത്താവ് ഉയിർത്തെഴുന്നേൽക്കും. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന സത്യത്തിന് ഒപ്പു വച്ചത് അവന്റെ ശിഷ്യന്മാരായിരുന്നില്ല. മറിച്ച് അവന്റെ ശത്രുക്കളായിരുന്നു. ക്രിസ്തു ഉയിർത്തെഴുന്നേൽക്കും എന്ന വിശ്വാസം അവന്റെ കൂടെ നടന്നവർക്കുണ്ടായിരുന്നില്ല. എന്നാൽ, അവന്റെ ശത്രുക്കൾക്കുറപ്പായിരുന്നു അവൻ ഉയിർത്തെഴുന്നേൽക്കും എന്നത്. അതിനാൽത്തന്നെ യേശുവിന്റെ കല്ലറയ്ക്ക് കാവലാളുണ്ടായി. ക്രിസ്തുവിന്റെ ഉത്ഥാനം അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ് എന്ന് ചരിത്രം സാക്ഷിക്കുന്നതിന് അത് നിമിത്തമാകുകയും ചെയ്തു.

അടഞ്ഞ കല്ലറ തുറന്നു എന്നതു മാത്രമല്ല ഉത്ഥാനത്തിന്റെ സവിശേഷത. അർഹതയില്ലാത്തവരുടെമേൽ പോലും വീണ്ടും ഈ മഴ നിറുത്താതെ പെയ്തിറങ്ങുന്നു എന്നതാണത്. അളവുകളില്ലാതെ, പരിധികളില്ലാതെ, കൂടുതൽ സ്നേഹിച്ചവനും തള്ളിപറഞ്ഞവനും ഒരുപോലെ ദൈവം ഒഴുക്കിയ രക്ഷയുടെ കുളിർ മഴയായിരുന്നു അത്. മഹാനായ ഫുൾട്ടൻ ജെ. ഷീൻ പറയുന്നു: "എല്ലാ കുഴിമാടങ്ങളിലും മരിച്ചവരുടെ പേര് എഴുതി വയ്ക്കുമ്പോൾ, മരിച്ചവൻ ഇതിനകത്തുണ്ടെന്ന് വ്യക്തമാക്കുന്ന വിധത്തിൽ മരിച്ചവനെക്കുറിച്ചുള്ള കാര്യങ്ങൾ അതിൽ രേഖപ്പെടുത്തുമ്പോൾ, ലോകത്തിൽ ഒരേയൊരു കല്ലറയേയുള്ളൂ-'അവൻ ഇവിടെ ഇല്ല' എന്ന് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. അത് ക്രിസ്തുവിന്റെ കല്ലറയാണ്. ഈ ശൂന്യമായ കല്ലറ' 'അവൻ ഇവിടെ ഇല്ല' എന്നുള്ള രേഖപ്പെടുത്തൽ നമ്മോടുള്ള അവിടുത്തെ സ്നേഹത്തിന്റെ മറുപടിയാണ്.

സ്നേഹരാഹിത്യത്തിൽ നിന്നു സ്നേഹജീവിതത്തിലേക്കും അസത്യത്തിൽ നിന്നും സത്യത്തിലേക്കും അഹങ്കാരത്തിൽ നിന്നും എളിമയിലേക്കുമുള്ള ഒരു വീണ്ടും ജനനമായി ഈ ഈസ്റ്റർ മാറ്റപ്പെടുന്നു. ഈസ്റ്റർ നമ്മെ ഓർപ്പിക്കുന്ന മറ്റൊരു സത്യം തിന്മയുടെ മേൽ അവസാന ജയം നന്മയ്ക്കായിരിക്കും എന്നതാണ്. വാക്കിലും പ്രവൃത്തിയിലും മനോഭാവത്തിലും യാതൊരു തെറ്റും ചെയ്യാത്തവനായിരുന്നു യേശു. എല്ലാവരുടെയും നന്മ മാത്രം ആഗ്രഹിച്ചവൻ. എന്നിട്ടും മതമേലധ്യക്ഷന്മാരും ഭരണകൂടവും അവന് എതിരായിരുന്നു. തെറ്റായ ആരോപണങ്ങളുന്നയിച്ച് അവർ അവനെ ക്രൂശിച്ചു

കൊന്നു. തിന്മയും അസത്യവും ജയിച്ചുവെന്ന് എല്ലാവരും കരുതിയപ്പോൾ, യേശു മരണത്തിന്റെ ശക്തികളെ തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റു. തിന്മയ്ക്കു താൽക്കാലിക ജയം മാത്രം, അവസാനമായി ജയിക്കുന്നതാകട്ടെ നന്മയും സത്യവും. തിന്മയുടെയും അസത്യത്തിന്റെയും ജയം താൽക്കാലികം മാത്രമാണ് എന്ന് നമുക്കും തിരിച്ചറിയാം. ആത്യന്തിക ജയം എപ്പോഴും സത്യത്തിനാണ് എന്ന ബോധ്യത്തിൽ, ഭൂരിപക്ഷത്തോടൊപ്പം വളഞ്ഞവഴികൾ തേടാതെ കഷ്ടങ്ങൾ സഹിച്ചും സത്യത്തിനു വേണ്ടി നിലകൊള്ളുവാൻ നമുക്കും പ്രതിജ്ഞാബദ്ധരാകാം. അനീതിക്കെതിരെ നിലപാടുകൾ സ്വീകരിക്കേണ്ടിവരുമ്പോൾ നാം ഭയപ്പെടേണ്ടതില്ല. കാരണം ഇമ്മാനുവേൽ ആയ ദൈവം നമ്മോടു കൂടെ ഉണ്ടാകുമെന്നത് തീർച്ചയാണ്. അവിടുന്ന് ഇനി ഒരു നാളും നമ്മിൽ നിന്ന് അകലെയല്ല. എന്നത്തേക്കാളും അവിടുന്ന് നമ്മോട് അടുത്തായിരിക്കുന്നു. അവിടുന്ന് നമ്മോടൊത്ത് വസിക്കുന്നു.

പാളിപ്പോയ പഴയ വഴികളോട് വിട പറഞ്ഞ്, പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ഒരു നവജീവിതത്തിന് നാന്ദി കുറിക്കുവാനുള്ള ശക്തമായ ആഹ്വാനമാണ് ഉയിർപ്പ് നൽകുന്നത്. ഉണ്ണീശോയെ സന്ദർശിച്ച് ജ്ഞാനികൾ, വന്ന വഴിയല്ല തിരിച്ചുപോയത്. “അവർ മറ്റൊരു വഴിയേ തിരിച്ചു പോയി” എന്നാണ് സുവിശേഷത്തിൽ നാം വായിക്കുക. ഉത്ഥാനാനുഭവം ക്രിസ്തു ശിഷ്യരിൽ ഉളവാക്കിയതും ഒരു ആന്തരീകമാറ്റമാണ്. കുരിശിന്റെ നിഴലിൽ കൂടി സഞ്ചരിക്കുന്നവനാണ് ക്രൈസ്തവൻ. അങ്ങനെയെങ്കിൽ ജീവിതത്തിലെ പരാജയങ്ങൾക്കോ, വേദനകൾക്കോ പരിഹാരം ആത്മഹത്യയോ ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമോ അല്ല. പിന്നെയോ ഉത്ഥിതനായ യേശുവിലുള്ള ജീവിതമാണ്.

കാലാകാലങ്ങളിൽ, മനുഷ്യൻ കുരുങ്ങിക്കിടക്കുന്ന തിന്മയുടെ ഇടങ്ങളിൽ നിന്ന് ഒരു 'U Turn' എടുക്കുന്നതാണ് അവന്റെ ജീവിതത്തിലെ ഈസ്റ്റർ. ആവശ്യമില്ലാത്ത കാര്യങ്ങളിൽ നിന്ന്, സാഹചര്യങ്ങളിൽ നിന്ന്, ദുശ്ശീലങ്ങളിൽ നിന്ന്, തെറ്റായ ജീവിതസാഹചര്യങ്ങളിൽ നിന്ന്, പാപബന്ധനങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേറ്റ്, ഉത്ഥാനം നല്കുന്ന സന്തോഷത്തിൽ ജീവിക്കണം. അതിന് തടസമായി നമ്മുടെ ജീവിതമാകുന്ന കല്ലറയുടെ മുൻപിൽ നിലകൊള്ളുന്ന മൂടിക്കല്ല് എടുത്തുമാറ്റണം. അത് നാം തന്നെ മാറ്റണം. നമുക്ക്

മാറ്റാൻ കഴിയാത്ത മൂടിക്കല്ലിനെ ദൈവത്തിന് മാറ്റാൻ കഴിയുമെന്ന് വിശ്വസിക്കണം. ഇത് തിരിച്ചറിഞ്ഞ് പ്രാവർത്തികമാക്കുന്നതാണ് യഥാർത്ഥ ഈസ്റ്റർ.

സ്വാർത്ഥതയുടെ സ്പർശം വെടിഞ്ഞ്, സുഖസൗകര്യങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിൽ ഉപേക്ഷിച്ച്, കലാപങ്ങൾക്ക് വിരാമമിട്ട്, വഴിവിട്ട ബന്ധങ്ങളോട് വിട പറഞ്ഞ്, അസൂയയിൽ നിന്നും ഭിന്നതകളിൽ നിന്നും വിട്ടു മാറി ആന്തരികമായ മാറ്റത്തിലൂടെ സമാധാനപൂർണമായ ഒരു ഉയിർപ്പിനായി നമുക്കും ദാഹിക്കാം... ചുണ്ടിൽ പുഞ്ചിരിയും ഹൃദയത്തിൽ സ്നേഹവും കരങ്ങളിൽ സഹായവുമായി ഉത്ഥിതനോടൊപ്പം നമുക്കും ജീവിതയാത്ര പൂർത്തിയാക്കാം...

ഏവർക്കും സ്നേഹം നിറഞ്ഞ ഈസ്റ്റർ ആശംസകൾ...

സ്നേഹപൂർവ്വം

സിസ്റ്റർ ലില്ലി ജോസ് SIC
ചീഫ് എഡിറ്റർ

# വാർത്തകൾ

## ജനറലേറ്റ്

### "ബ്ലിസ്സ് 2023"

2023 ജനുവരി 2-ാം തീയതി ഒരു മാസക്കാലയളവിലേക്കായി നമ്മുടെ നോവീസ്സസ്, രണ്ടാം വർഷ പ്രീ-നോവീസ്സസ്, അവരുടെ മിസ്ട്രസ്സുമാരായ സിസ്റ്റർ ആൻസൽ, സിസ്റ്റർ അനന്ത എന്നിവർ ജനറലേറ്റിൽ എത്തിച്ചേർന്നു. വൈവിധ്യമാർന്ന തലങ്ങളിൽ അറിവ് നേടുക എന്ന ലക്ഷ്യത്തോടെ പ്രത്യേകം തയ്യാറാക്കിയ ഷെഡ്യൂൾ പ്രകാരം മദർ ആർദ്ര, ബഥനി ആശ്രമം സുപ്പീരിയർ ജനറൽ ബഹു. മത്തായി കടവിൽ OIC അച്ചൻ, ബഹു. ജോബിൻ കുര്യാക്കോസ് OIC അച്ചൻ, സിസ്റ്റർ ലില്ലി ജോസ്, സിസ്റ്റർ കുസുമം, സിസ്റ്റർ രാജിത, സിസ്റ്റർ ചൈതന്യ, സിസ്റ്റർ ട്രീസ, സിസ്റ്റർ സാങ്റ്റ എന്നിവരുടെ തിയറി-പ്രാക്ടിക്കൽ ക്ലാസ്സുകൾ ക്രമീകരിച്ചു. സ്ട്രീറ്റ് മിനിസ്ട്രി, ഹോസ്പിറ്റൽ വിസിറ്റ്, ചാരിറ്റി സിസ്റ്റേഴ്സിന്റെ വൃദ്ധമന്ദിര സന്ദർശനം, ഫുഡ്ഫെസ്റ്റ്, കര-കൗശല പരിശീലനം എന്നിവയിലൂടെ ജനറലേറ്റിൽ അവർ ജീവിതം ഒരു ആഘോഷമാക്കി.

### "സ്പിരിറ്റ്വാലിറ്റി ക്ലാസ്സ്"

2023 ജനുവരി 2-ാം തീയതി മുതൽ ഒരു മാസക്കാലയളവിലേക്കായി നമ്മുടെ സെക്കന്റ് നോവീഷ്യേറ്റ് പരിശീലനത്തിലായിരിക്കുന്ന 8 ജൂണിയർ സിസ്റ്റേഴ്സിന് മാങ്ങാനം MOC യിൽ സ്പിരിറ്റ്വാലിറ്റി ക്ലാസ്സ് ക്രമീകരിക്കുകയുണ്ടായി. സിസ്റ്റേഴ്സ് താല്പര്യപൂർവ്വം ഇതിൽ സംബന്ധിച്ചു.

## "ക്രിസ്തോസ് 2023"

2023 ജനുവരി 7-ാം തീയതി മൈത്രി റസിഡന്റ്സ് അസോസിയേഷന്റെ ഭാഗമായി നടത്തിയ സംയുക്ത ക്രിസ്മസ് ആഘോഷത്തിൽ സിസ്റ്റർ ലില്ലി ജോസ് ക്രിസ്മസ് സന്ദേശം നൽകി, ജൂണിയർ സിസ്റ്റേഴ്സ് കരോൾ ഗാനം ആലപിച്ചു.

## "സ്ട്രീറ്റ് മിനിസ്ട്രി 2023"

2023 ജനുവരി 7-ാം തീയതി സിസ്റ്റേഴ്സ്, നോവീസ്സസ്, പ്രീ-നോവീസ്സസ് എന്നിവർ ചേർന്ന് കീച്ചാൽ ഇടവകദേവാലയത്തിൽ നിന്നും ലഭിച്ച ഭക്ഷണപ്പൊതികളുമായി കോട്ടയം തെരുവോരങ്ങളിൽ പോയി ഭവനമോ, കുടുംബാംഗങ്ങളോ ഇല്ലാതെ ക്ലേശിക്കുന്ന അശരണർക്ക് ഉച്ചഭക്ഷണം വിതരണം ചെയ്തു. അവരെ കേൾക്കാനും, അവരോടൊപ്പം അല്പസമയം ചെലവഴിക്കാനും ലഭിച്ച ഈ അവസരം നോവീസ്സസിനും പ്രീ-നോവീസ്സസിനും ഒരു വേറിട്ട അനുഭവമായിരുന്നു.

## "കോളനി വിസിറ്റ് 2023"

2023 ജനുവരി 8-ാം തീയതി സിസ്റ്റേഴ്സ്, നോവീസ്സസ്, പ്രീ-നോവീസ്സസ് എന്നിവർ ചേർന്ന് കൊല്ലക്കൊമ്പ് കോളനിയിൽ സന്ദർശനം നടത്തി. 40 ഭവനങ്ങൾ ഉള്ള ഈ കോളനിയിലെ അമ്മമാരെ കൂട്ടി സിസ്റ്റർ അനന്തയും കുട്ടികൾക്കായി സിസ്റ്റർ ശ്രേയസ്സും ക്ലാസ്സുകൾ എടുത്തു. അവരുടെ ചെറിയ കുടിലുകൾ സന്ദർശിച്ച് അവരുടെ ജീവിത പരിതസ്ഥിതി മനസ്സിലാക്കാനും, അവരോടൊത്ത് ആയിരിക്കാനും ലഭിച്ച ഈ അവസരം നോവീസ്സസിനും പ്രീ-നോവീസ്സസിനും ഹൃദയസ്പർശിയായ ഒരു അനുഭവമായിരുന്നു.

## "സ്ട്രീറ്റ് മിനിസ്ട്രി വക്താക്കൾ"

2023 ജനുവരി 9-ാം തീയതി സിസ്റ്റേഴ്സ്, നോവീസ്സസ്, പ്രീ-നോവീസ്സസ് എന്നിവർക്ക് ക്ലാസ്സുകൾ എടുക്കുന്നതിനും അനുഭവങ്ങൾ പങ്കു വയ്ക്കുന്നതിനുമായി സ്ട്രീറ്റ് മിനിസ്ട്രി വക്താക്കളായ അല്മായ സഹോദരങ്ങൾ ജോളി, നിമ്മി എന്നിവർ ജനറലേറ്റിൽ വന്നു. അനുഭവസാക്ഷ്യം പങ്കു വയ്ക്കുന്നതിന് അവരോടൊപ്പം 3

അല്മായ സഹോദരങ്ങൾ കൂടി വന്നിരുന്നു. ക്ലാസ്സ്, അനുഭവങ്ങൾ പങ്കു വയ്ക്കൽ എന്നിവ നോവീസ്സസിനും പ്രീ-നോവീസ്സസിനും പ്രചോദനാത്മകമായ ഒരു അനുഭവമായിരുന്നു.

### "വൃദ്ധസദന സന്ദർശനം "

2023 ജനുവരി 11-ാം തീയതി സിസ്റ്റേഴ്സ്, നോവീസ്സസ്, പ്രീ-നോവീസ്സസ് എന്നിവർ ചാരിറ്റി സിസ്റ്റേഴ്സ് നടത്തുന്ന വൃദ്ധസദനം സന്ദർശിച്ചു. ജീവിതസായാഹ്നത്തിൽ എത്തിനിൽക്കുന്ന അവരെ കേൾക്കാനോ, മക്കളോടൊപ്പം അവരുടെ ജീവിതത്തിന്റെ അവസാന നാളുകൾ ചെലവഴിക്കാനോ കഴിയാതെ ഒറ്റപ്പെടലിന്റെ അവസ്ഥയിലായിരിക്കുന്നവരേയും പലവിധ ക്ലേശങ്ങൾ അനുഭവിക്കുന്ന ചെറുപ്പക്കാരായവരേയും കാണാനും അവരോടൊപ്പം അല്പ സമയം ചെലവഴിക്കാനും കഴിഞ്ഞത് നോവീസ്സസിനും പ്രീ-നോവീസ്സസിനും വേറിട്ട ഒരു അനുഭവമായിരുന്നു.

### "പൗരോഹിത്യം - ശ്രേഷ്ഠദാനം"

2023 ജനുവരി 12-ാം തീയതി മാവേലിക്കര പുന്നമൂട് കത്തീഡ്രലിൽ വച്ച് നടന്ന 5 ആശ്രമവൈദീകരുടെ പൗരോഹിത്യാഭിഷേകശുശ്രൂഷയിൽ സിസ്റ്റർ ലില്ലി ജോസ്, സിസ്റ്റർ കുസുമം, സിസ്റ്റർ ചൈതന്യ എന്നിവർ സംബന്ധിച്ചു.

### "ഫുഡ് ഫെസ്റ്റ് 2023"

2023 ജനുവരി 12-ാം തീയതി സിസ്റ്റർ ആൻസൽ, സിസ്റ്റർ അനന്ത, എന്നിവരുടെ നേതൃത്വത്തിൽ ജനറലേറ്റിൽ വച്ച് വൈവിധ്യമാർന്ന, രുചിയേറും വിഭവങ്ങൾ നോവീസ്സസും പ്രീ-നോവീസ്സസും ചേർന്ന് ഒരുക്കിയ ഫുഡ് ഫെസ്റ്റ് വളരെ ആകർഷകവും, ആനന്ദകരവും ആയ ഒരു അനുഭവമായിരുന്നു.

### "ലോർഡ് ബേഡൻ പവ്വൽ"

2023 ജനുവരി 13-ാം തീയതി മുതൽ 17-ാം തീയതി വരെ സിസ്റ്റർ രാജിതയുടെ നേതൃത്വത്തിൽ നോവീസ്സസും പ്രീ-നോവീസ്സസും ഗൈഡ് പ്രസ്ഥാനത്തിന്റെ സ്ഥാപകപിതാവായ ലോർഡ് ബേഡൻ പവ്വൽ പ്രഭു പകർന്നു നൽകിയ അറിവുകളായ ഫസ്റ്റ്

എയ്ഡ്, മാപ്പിംഗ്, എസ്റ്റിമേഷൻ, പയനിയറിംഗ്, വ്യായാമമുറകൾ, സിംപിൾ ഡ്രിൽ, വിവിധ സേവനങ്ങൾ തുടങ്ങിയ നൈപുണികൾ സ്വായത്തമാക്കി. കളികളിലൂടെയുള്ള പഠനവും, അവസരത്തി നൊത്ത് അവസരങ്ങളെ ഉപയോഗപ്രദമാക്കുന്നതിന് ലഭിച്ച ഈ അവസരം അവർക്ക് മധുരസ്മരണകളേകുന്ന ഒരു വേറിട്ട അനുഭ വമായിരുന്നു.

**"ആത്മീയ ഗുരുക്കൾ"**

ബഥനി ആശ്രമം സുപ്പീരിയർ ജനറൽ ബഹു. മത്തായി കട വിൽ അച്ചൻ, ബഹു. ജോബിൻ കുര്യാക്കോസ് അച്ചൻ എന്നിവർ സ്പിരിറ്റ്വാലിറ്റി, സമൂഹജീവിതം എന്നീ വിഷയങ്ങൾ ക്ലാസ്സ് എടുത്ത് നോവീസ്സസിനേയും പ്രീ-നോവീസ്സസിനേയും പ്രബുദ്ധരാക്കി.

**"സിനഡൽ ലീഡർഷിപ്പ് - അന്തർദ്ദേശീയ സെമിനാർ"**

2023 ജനുവരി 12-ാം തീയതി മുതൽ ജനുവരി 15-ാം തീയതി വരെയുള്ള കാലയളവിൽ ബാംഗ്ലൂർ ധർമ്മാരാം ക്യാമ്പസിൽ വച്ച് നടന്ന അന്തർദ്ദേശീയ സെമിനാറിൽ മദർ ആർദ്രയും സിസ്റ്റർ ഉന്ന തയും (തിരുവനന്തപുരം പ്രോവിൻസ്) സംബന്ധിച്ചു.

**CNEWA**

2023 ജനുവരി 17-ാം തീയതി വൈകുന്നേരം CNEWA Co-Ordinator Mr. Thomas M. Varghese, Mr.Jobin Kurian എന്നിവർ ജനറ ലേറ്റിൽ എത്തി പരിശീലനത്തിൽ ആയിരിക്കുന്ന ജൂണിയർ സിസ്റ്റേ ഴ്സ്, നോവീസ്സസ്, സീനിയർ പ്രീ-നോവീസ്സസ് എന്നിവരെ സന്ദർശിച്ചു. അവരെ പൊന്നാട അണിയിച്ച് സ്വീകരിച്ചു. കോൺഫ റൻസ് ഹാളിൽ വച്ച് മീറ്റിംഗ് ക്രമീകരിച്ചു. മദർ ആർദ്ര അവരെ സ്വാഗതം ചെയ്ത് സംസാരിച്ചു. സ്വയം പരിചയപ്പെടുത്തൽ, ഡാൻസ് പരിപാടികൾ എന്നിവയിലൂടെ മീറ്റിംഗ് മനോഹരമാക്കി.

**"ആത്മീയോന്നമന ക്ലാസ്സ്"**

2023 ജനുവരി 18-ാം തീയതി മുതൽ ഒരാഴ്ച സീനിയർ പ്രീ-നോവീസ്സസ്, നോവീസ്സസ് എന്നിവർക്ക് മദർ ആർദ്ര ക്ലാസ്സു കൾ നയിച്ചു.

## "തുഷാരം 2023 - ജൂബിലി ആഘോഷം"

2023 ജനുവരി 19-ാം തീയതി തിരുവനന്തപുരം, തിരുവല്ല, മൂവാറ്റുപുഴ പ്രോവിൻസുകളിലെ 13 സിസ്റ്റേഴ്സിന്റെ രജതജൂബിലി ആഘോഷം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റോം പിതാവിന്റെ മുഖ്യ കാർമ്മീകത്വത്തിൽ കൃതജ്ഞതാബലിയർപ്പണത്തോടെ ആരംഭിച്ചു.

അഭിവന്ദ്യ ക്രിസോസ്റ്റോം പിതാവിന്റെ പൗരോഹിത്യ കനകജൂബിലിയും മെത്രാഭിഷേക രജതജൂബിലിയും പ്രമാണിച്ച് ആഘോഷങ്ങൾ ഇതോടൊപ്പം ക്രമീകരിച്ചിരുന്നു. ലിറ്റർജിക്കൽ റിസപ്ഷൻ, കൃതജ്ഞതാബലിയർപ്പണം, ഫോട്ടോ സെഷൻ, കലാപരിപാടികൾ, സ്നേഹഭോജനം എന്നിവ ആഘോഷത്തിന്റെ മാറ്റു കൂട്ടുന്നവയായിരുന്നു. മദർ പ്രൊവിൻഷ്യൽസ്, ആശ്രമത്തിൽ നിന്നും അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ ബഹു. ഷാജൻ കുറ്റിയിൽ അച്ചൻ, ബഹു. വൈദീക ശ്രേഷ്ഠർ, ബഹു. ബ്രദർ ഗ്രേഷ്യസ്, സിസ്റ്റേഴ്സ് എന്നിവർ പ്രസ്തുത ആഘോഷത്തിൽ പങ്കു ചേർന്ന് ജൂബിലിയാഘോഷം അവിസ്മരണീയമാക്കി...അനുഗ്രഹകരമാക്കി.

## "കിരണം 2023 - സുപ്പീരിയേഴ്സ് കോൺഫറൻസ് "

2023 ജനുവരി 24-ാം തീയതി തിരുമൂലപുരം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് കിരണം 2023 എന്ന പേരിൽ ക്രമീകരിച്ച സുപ്പീരിയേഴ്സ് കോൺഫറൻസിൽ തിരുവല്ല, മൂവാറ്റുപുഴ പ്രോവിൻസുകളിലെ 33 സുപ്പീരിയേഴ്സ് പങ്കെടുത്തു. അതുപോലെ, ഫെബ്രുവരി 02-ാം തീയതി വാളകം മഠത്തിൽ വച്ച് തിരുവനന്തപുരം, പത്തനംതിട്ട പ്രോവിൻസുകളിലെ 58 സുപ്പീരിയേഴ്സ് കോൺഫറൻസിൽ പങ്കെടുത്തു. കൂടാതെ, മാർച്ച് 25-ാം തീയതി മൂലങ്കാവ് ഫോർമേഷൻ ഹൗസിൽ വച്ച് ബത്തേരി പ്രോവിൻസിലെ 27 സുപ്പീരിയേഴ്സ് കോൺഫറൻസിൽ പങ്കെടുത്തു.

രാവിലെ 9 മണിക്ക് ദിവ്യബലിയോടെ ആരംഭിച്ച കോൺഫറൻസിൽ മദർ ആർദ്ര സിനഡാത്മക നേതൃത്വത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. ഉച്ചയ്ക്ക് ശേഷം ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചകളും അവയുടെ അവതരണവും നടന്നു. തുടർന്ന് അക്കൗണ്ടിങ്ങിനെ

ക്കുറിച്ചും ശതാബ്ദി ആചരണത്തെക്കുറിച്ചും മദർ ആർദ്ര പങ്കു വച്ചു. 5 പ്രോവിൻസുകളിലേയും സുപ്പീരിയേഴ്സ് കോൺഫറൻസ് സമുചിതമായി ക്രമീകരിച്ച എല്ലാ മദേഴ്സിനും സിസ്റ്റേഴ്സിനും പ്രത്യേകം അഭിനന്ദനങ്ങൾ... നന്ദി.....

## "അനുമോദനങ്ങൾ... ആശംസകൾ..."

2023 ജനുവരി 25-ാം തീയതി ബഥനി സിസ്റ്റേഴ്സ് ജനറലേറ്റിൽ വച്ച് ബഥനി ആശ്രമത്തിലെ 6 നവവൈദീകർ ഇവിടെ ദിവ്യബലി അർപ്പിച്ചു. തുടർന്ന് അവർക്ക് അനുമോദനങ്ങളും ആശംസകളും അർപ്പിച്ചുകൊണ്ട് പ്രസംഗം, ഗാനം എന്നിവ ക്രമീകരിച്ചു.

2023 ഫെബ്രുവരി 17-ാം തീയതി വൈകിട്ട് നവവൈദീകനായ ഫാ. ലിബിന്റെ മുഖ്യകാർമ്മീകത്വത്തിൽ ജനറലേറ്റിൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് ആശംസകളും അനുമോദനങ്ങളും അർപ്പിച്ചുകൊണ്ട് മദറും സിസ്റ്റേഴ്സും സംസാരിച്ചു.

## "മദർ ജനറലിന്റെ ഫീസ്റ്റ് ആഘോഷം"

2023 ജനുവരി 26-ാം തീയതി ബഥനി സിസ്റ്റേഴ്സ് ജനറലേറ്റിൽ വച്ച് ബഥനി സന്യാസിനീ സമൂഹം സുപ്പീരിയർ ജനറൽ മദർ ആർദ്രയുടെ ഫീസ്റ്റ് ആഘോഷം വളരെ സമുചിതമായി കൊണ്ടാടി. രാവിലെ 9 മണിക്ക് ബൈബിൾ വിജിൽ, തുടർന്ന് 09.30 മണിക്ക് തിരുവല്ല രൂപതാ വികാരി ജനറാൾ വെരി റവ. ഫാദർ ഐസക്ക് പറപ്പള്ളിലിന്റെ മുഖ്യകാർമ്മീകത്വത്തിൽ ദിവ്യബലിയർപ്പണം, ഔദ്യോഗിക സമ്മേളനം, സ്നേഹഭോജനം എന്നിവയും ഉച്ചയ്ക്ക് ശേഷം നയനാന്ദകരങ്ങളായ കലാപരിപാടികളും ഓരോ പ്രോവിൻസും ഒന്നിനൊന്ന് മെച്ചപ്പെട്ട രീതിയിൽ അവതരിപ്പിച്ചു.

5 പ്രോവിൻസുകളിൽ നിന്നായി മദർ പ്രൊവിൻഷ്യൽസ്, സിസ്റ്റേഴ്സ്, ഫാ. ജെയിംസ് പാമ്പാറ CMI , ഫാ. റോയി കണ്ണൻചിറ CMI എന്നിവരും, ഫാ. C.C ജോൺ, ബഥനി ആശ്രമം, ഗിരിദീപം എന്നിവിടങ്ങളിൽ നിന്ന് ബഹു. ഫാദേഴ്സ്, വേൾഡ് പീസ് മിഷൻ ഡയറക്ടർ ശ്രീ സണ്ണി സ്റ്റീഫൻ, വാർഡ് മെമ്പർ ശ്രീമതി സിസി ബോബി, ജനപ്രതിനിധി ശ്രീ റോയി ഇടയത്തറ തുടങ്ങിയ പ്രമുഖ വ്യക്തിത്വങ്ങളുടെ സാന്നിധ്യം ആഘോഷം കൂടുതൽ കമനീയമാക്കി.

## “അഭിവന്ദ്യ പിതാവിന് തിരുനാൾ ആശംസകൾ...”

2023 ജനുവരി 28-ാം തീയതി ബഹു. മദർ ആർദ്രയും സിസ്റ്റേഴ്സും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ നാമഹേതുകതിരുനാളിനോട് അനുബന്ധിച്ചുള്ള ദിവ്യബലിയിലും തുടർന്നുള്ള അനുമോദന സമ്മേളനത്തിലും പങ്കെടുത്തു. പിതാവിന് ആശംസകൾ അർപ്പിച്ചുകൊണ്ട് ബഥനി സന്യാസിനീ സമൂഹത്തെ പ്രതിനിധീകരിച്ച് മദർ ആർദ്ര സംസാരിച്ചു.

## “നാഥനരികെ......”

2023 ജനുവരി 29-ാം തീയതി മുതൽ കുരിശുമല ധ്യാനമന്ദിരത്തിൽ സിസ്റ്റർ കുസുമവും സെക്കന്റ് നോവീഷ്യേറ്റ് പരിശീലനത്തിലായിരുന്ന 8 ജൂണിയർ സിസ്റ്റേഴ്സും 5 ദിവസത്തെ പ്രാർത്ഥനാദിനം നടത്തുകയുണ്ടായി.

## “Spiritual Empowerment”

സി.ആർ.ഐ. യുടെ നേതൃത്വത്തിൽ 2023 ജനുവരി 29-ാം തീയതി മുതൽ 31-ാം തീയതി വരെ ഏറ്റുമാനൂർ വച്ച് മേജർ സുപ്പീരിയേഴ്സിനായി നടത്തിയ മൂന്നു ദിവസത്തെ സെമിനാറിൽ മദർ ആർദ്ര സംബന്ധിച്ചു.

## “സഹനദാസിയുടെ സവിധേ...”

2023 ഫെബ്രുവരി 4-ാം തീയതി സിസ്റ്റർ കുസുമം, സിസ്റ്റർ ആൻസൽ, സെക്കന്റ് നോവീഷ്യേറ്റ് പരിശീലനത്തിലായിരുന്ന 8 ജൂണിയർ സിസ്റ്റേഴ്സ്, നോവീസ്സസ് 4 പേർ ഭരണങ്ങാനം അൽഫോൻസാമ്മയുടെ കബറിങ്കൽ സന്ദർശിച്ച് പ്രാർത്ഥന നടത്തി അനുഗ്രഹം പ്രാപിച്ചു.

## “നന്ദിയുടെ നറുമലരുകൾ.... പ്രാർത്ഥനാശംസകൾ...”

2023 ഫെബ്രുവരി 5-ാം തീയതി ഒരു മാസക്കാലം ജനറലേറ്റിൽ ആയിരുന്ന സിസ്റ്റർ ആൻസൽ, നോവീസ്സസ് 4 പേർ എന്നിവർക്ക് യാത്രയയപ്പ് നൽകി. ഷെയേർഡ് പ്രേയർ, സ്നേഹഭോജനം, മദറിന്റെ അനുഗ്രഹപ്രഭാഷണം, ആശംസാഗാനം, ആശംസാപ്രസംഗം, വീഡിയോ പ്രദർശനം, കലാപരിപാടികളായി നൃത്തം എന്നിവ ക്രമീകരിച്ചു. അവർക്ക് സ്നേഹോപഹാരം നൽകി.

## "ഹോമയാഗത്തിനായി ഒരുങ്ങുന്നവർ കുരിശുമലയിൽ..."

2023 ഫെബ്രുവരി 6-ാം തീയതി മുതൽ 16-ാം തീയതി വരെ 10 ദിവസത്തെ പ്രാർത്ഥനാദിനത്തിനായി സിസ്റ്റർ ആൻസൽ, നോവീസ്സസ് 4 പേർ - കുരിശുമല ധ്യാനമന്ദിരത്തിൽ പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചു.

## "സന്ദർശനം"

2023 ഫെബ്രുവരി 8-ാം തീയതി അഭിവന്ദ്യ ജൂലിയോസ് പിതാവ് ജനറലേറ്റ് ഹൗസ് സന്ദർശിച്ചു, എല്ലാ സിസ്റ്റേഴ്സിനുമൊപ്പം അല്പസമയം ചെലവഴിച്ചു.

## "എനിക്കു വിശന്നു, നിങ്ങൾ എനിക്ക് ഭക്ഷണം തന്നു...."

2023 ഫെബ്രുവരി 10-ാം തീയതി മണർകാട് ഇൻഫന്റ് ജീസസ് സ്ക്കൂളിലെ കുട്ടികൾ വീടുകളിൽ നിന്നും തയ്യാറാക്കി കൊണ്ടുവന്ന 121 ഭക്ഷണപൊതികൾ പൊൻപള്ളി സത്യകൂടാരം എന്ന അശരണരുടെ ഭവനത്തിലും, കൊല്ലക്കൊമ്പ് കോളനിയിലും, നാഗമ്പടം സ്റ്റ്രീറ്റിലും വിതരണം ചെയ്തു. തുടർന്ന് എല്ലാ വെള്ളിയാഴ്ചകളിലും മണർകാട് സ്ക്കൂളിൽ നിന്നും കിട്ടുന്ന ഭക്ഷണപൊതികൾ കോളനികളിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അതിന് നേതൃത്വം എടുക്കുന്ന ജനറൽ കൗൺസിലർ സിസ്റ്റർ ചൈതന്യ, മണർകാട് ഇൻഫന്റ് ജീസസ് സ്ക്കൂൾ പ്രിൻസിപ്പൽ, അദ്ധ്യാപകർ, മാതാപിതാക്കൾ, കുട്ടികൾ എന്നിവർക്ക് ബഥനി കുടുംബത്തിന്റെ പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

## "മലങ്കര കത്തോലിക്കാ സിനഡ് "

2023 മാർച്ച് 1-ാംതീയതി തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തിയ സിനഡിൽ ബഥനി സന്യാസിനീസമൂഹത്തെക്കുറിച്ച് പൊതുവായും നമ്മുടെ ഇതുവരെയുള്ള ചാരിറ്റി പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായും ഒരു അവലോകനം വളരെ മനോഹരമായി മദർ ആർദ്ര നടത്തി.

## "കട്ടിളവയ്പ് "

2023 മാർച്ച് 2-ാംതീയതി പുതുതായി ജനറലേറ്റിൽ പണി

യുന്ന ശതാബ്ദി സ്മാരകഭവനത്തിന്റെ കട്ടിള വയ്പ് പ്രാർത്ഥനാശുശ്രൂഷകളോടെ ബഥനി ആശ്രമം അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ ബഹു. ഷാജൻ കുറ്റിയിൽ അച്ചൻ നിർവഹിച്ചു. ബഹു. ജോബി തുണ്ടിയത്ത് അച്ചൻ സഹകാർമ്മീകനായിരുന്നു. മദറും സിസ്റ്റേഴ്സും പ്രാർത്ഥനകളോടെ പ്രസ്തുത കർമ്മത്തിൽ പങ്കു ചേർന്നു.

### "ദിവീനോ 2023"

2023 മാർച്ച് 7-ാംതീയതി ജനറലേറ്റിൽ വച്ച് ജനറൽ അഡ്വൈസറി കൗൺസിൽ സമ്മേളിച്ചു. 5 പ്രോവിൻസുകളിൽ നിന്നായി മദേഴ്സും 28 സിസ്റ്റേഴ്സും പ്രസ്തുത സമ്മേളനത്തിൽ പങ്കുകൊണ്ടു. ബഹു. ജേക്കബ് കോയിപ്പള്ളി അച്ചന്റെ ക്ലാസ്സും തുടർന്ന് മദർ ആർദ്രയുടെ സെഷനും ഉണ്ടായിരുന്നു. ഉച്ചയ്ക്ക് ശേഷം പ്രോവിൻസുകളുടെ റിപ്പോർട്ട് അവതരണവും പൊതുചർച്ചയും നടന്നു.

### "പഠിതാക്കളുടെ മനസ്സിൽ ചേക്കേറിയ മദർ...."

2023 ഫെബ്രുവരി 6-ാം തീയതി മുതൽ 11-ാം തീയതി വരെ മേജർ സെമിനാരിയിൽ സെമിനാരി വൈദീക വിദ്യാർത്ഥികൾക്ക് മൊണാസ്റ്റിക് സ്പിരിറ്റ്വാലിറ്റിയെക്കുറിച്ച് മദർ ആർദ്ര ക്ലാസ്സ് എടുത്തു.

### "ഫീസ്റ്റ് - ജന്മദിനാഘോഷം...."

2023 ഫെബ്രുവരി 15-ാം തീയതി കീച്ചാൽ ഇടവക വികാരി ബഹു. രഞ്ജിത്ത് അച്ചന്റെ ഫീസ്റ്റ്-ജന്മദിനാഘോഷങ്ങൾ ജനറലേറ്റിൽ വച്ച് ക്രമീകരിച്ചു. ആശംസാഗാനം, ആശംസാപ്രസംഗം എന്നിവയിലൂടെ ആഘോഷം അവിസ്മരണീയമാക്കി.

### "നിത്യഹോമയാഗത്തിനായി ഒരുങ്ങുന്നവർ ഈവാനിയൻ ധ്യാനസാധനയിൽ......"

2023 ഫെബ്രുവരി 15-ാം തീയതി മുതൽ 25-ാം തീയതി വരെ 10 ദിവസത്തെ ഈവാനിയൻ ധ്യാനസാധനയ്ക്കായി സിസ്റ്റർ കുസുമം, സെക്കന്റ് നോവീഷ്യേറ്റ് പരിശീലനത്തിലായിരിക്കുന്ന 8 ജൂണിയർ സിസ്റ്റേഴ്സ് നാലാഞ്ചിറ എം.റ്റി.സി. യിൽ പ്രാർത്ഥന

യിലും ധ്യാനത്തിലും സ്ഥാപകപിതാവിന്റെ ചൈതന്യം ആർജ്ജിക്കുന്നതിനുമായി ചെലവഴിച്ചു.

## "International Discernment Leadership Course"

UISG (Union of Interantional Superiors' General) യുടെ നേതൃത്വത്തിൽ ഓൺലൈനായി 2023 ഫെബ്രുവരി 15-ാം തീയതി മുതൽ മാർച്ച് 4-ാം തീയതി വരെ 3 ഘട്ടങ്ങളിലായി ക്രമീകരിച്ച 10 ദിവസത്തെ കോഴ്സിൽ സുപ്പീരിയർ ജനറൽ മദർ ആർദ്രയും സെക്രട്ടറി സിസ്റ്റർ രാജിതയും സംബന്ധിച്ചു. വ്യത്യസ്ത മാനങ്ങളോടെ കാര്യങ്ങളെ നോക്കിക്കാണുന്നതിനും കമ്മ്യൂണിറ്റികളിൽ കൂട്ടായ്മയുടെ ഊഷ്മളത വർദ്ധമാനമാക്കുന്നതിനും സഹായകമായ ക്ലാസ്സ് ഏറെ ഉപകാരപ്രദമായിരുന്നു.

## "ബൈബിൾ കൺവൻഷൻ"

2023 ഫെബ്രുവരി 15-ാം തീയതി മുതൽ കോട്ടയം നാഗമ്പടം മൈതാനത്ത് ആരംഭിച്ച ബൈബിൾ കൺവൻഷനിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## "പ്ലാറ്റിനം ജൂബിലി"

2023 ഫെബ്രുവരി 18-ാം തീയതി വൈകിട്ട് തിരുവല്ല മിണ്ടാമഠത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷപരിപാടികളിൽ മദറും സിസ്റ്റർ രാജിതയും സംബന്ധിച്ചു.

## "വൊക്കേഷൻ മീറ്റ്"

2023 ഫെബ്രുവരി 24, 25 തീയതികളിലായി തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ വച്ച് ദൈവവിളിയുമായി ബന്ധപ്പെട്ട് നടത്തിയ 2 ദിവസത്തെ പഠനശിബിരത്തിൽ ജനറലേറ്റിൽ നിന്നും സിസ്റ്റർ ലില്ലി ജോസ് സംബന്ധിച്ചു.

## "കാനോനിക സന്ദർശനം"

2022 ഡിസംബർ 27-ാം തീയതി മുതൽ 2023 ജനുവരി 11-ാം തീയതി വരെയുള്ള കാലയളവിൽ ബത്തേരി പ്രോവിൻസിന്റെ ബത്തേരി, ബാംഗ്ലൂർ എന്നിവിടങ്ങളിലെ മന്ദിരങ്ങളുടെ കാനോനിക സന്ദർശനം നടത്തി.

2023 ഫെബ്രുവരി 27, 28 തീയതികളിൽ തിരുവനന്തപുരം പ്രോവിൻസിന്റെ കുമാരപുരം മഠത്തിലും മാർച്ച് 5,6,8,12,13, 26 – 31, ഏപ്രിൽ 1 തീയതികളിൽ യഥാക്രമം Good Samaritan, SEERI, Girideepam, മഞ്ഞക്കാല, ഇളമാട് മഠങ്ങളിലും ഇച്ചിലംപാടി, നെല്ലി യാടി, പാലാന്തടം, ചെറുപുഴ, നടുവിൽ, കേളകം എന്നീ മഠങ്ങ ളിലും മദർ ആർദ്ര കാനോനിക സന്ദർശനം നടത്തി.

## "വനിതാദിനം - ആദരവ്"

2023 മാർച്ച് 8-ാംതീയതി വനിതാദിനത്തിൽ കോട്ടയം മേഖല എം.സി.എ ഭാരവാഹികൾ പ്രസിഡന്റ്, സെക്രട്ടറി, അംഗങ്ങൾ എന്നിവർ ഡയറക്ടർ ബഹു. രഞ്ജിത്ത് അച്ചനൊപ്പം ജനറലേ റ്റിൽ വന്ന് മദറിനേയും സിസ്റ്റേഴ്സിനെയും പ്രത്യേകം ആദരിക്കു കയുണ്ടായി. ബഹു. അച്ചൻ ആശംസകൾ നേർന്ന് സംസാരിച്ചു. മദർ ആർദ്ര, സിസ്റ്റർ ലില്ലി ജോസ് എന്നിവരെ പൊന്നാട അണി യിച്ചും മദറിനും സിസ്റ്റേഴ്സിനും പൂക്കൾ, ഗ്രീറ്റീംങ് കാർഡ് എന്നിവ നൽകിയും പ്രത്യേകം ആദരിച്ചു.

## "കുടമാളൂർ തീർത്ഥാടനം"

2023 മാർച്ച് 9-ാംതീയതി മദർ, കൗൺസിലേഴ്സ്, സെക്കന്റ് നോവീഷ്യേറ്റ് പരിശിലനത്തിലായിരിക്കുന്ന ജൂണിയർ സിസ്റ്റേഴ്സ്, മോളി, റാണി, ഷാലു, എത്യോപ്യൻ സന്യാസാർത്ഥിനി മെക്ഡസ് എന്നിവർ കുടമാളൂർ വി. അൽഫോൻസാമ്മയുടെ മാതൃഭവനം ദേവാലയം എന്നിവ സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചു.

## "ഹെറാൾഡ് 2023"

2023 മാർച്ച് 10,11 തീയതികളിലായി ഫോർമേഷൻ, വൊക്കേ ഷൻ, മിഷൻ എന്നീ അപ്പസ്തോലിക മേഖലകളുടെ ഒരു സംയുക്തസമ്മേളനം ജനറലേറ്റിൽ ക്രമീകരിച്ചു. 5 പ്രോവിൻസു കളിൽ നിന്നായി മദേഴ്സും 58 സിസ്റ്റേഴ്സും പ്രസ്തുത സമ്മേള നത്തിൽ പങ്കുകൊണ്ടു. ഒന്നാം ദിവസം മദർ ആർദ്രയുടെ ക്ലാസ്സും സിസ്റ്റർ ലില്ലി ജോസിന്റെ നേതൃത്വത്തിൽ ചർച്ചയും ക്രമീകരിച്ചി രുന്നു.

രണ്ടാം ദിവസം ബഹു. വർഗ്ഗീസ് വാലിക്കോടത്ത് അച്ചന്റെ ക്ലാസ്സും തുടർന്ന് മദർ ആർദ്രയുടെ സെഷനും ഉണ്ടായിരുന്നു. ഉച്ചയ്ക്ക് ശേഷം പ്രോവിൻസുകളുടെ റിപ്പോർട്ട് അവതരണവും പൊതുചർച്ചയും നടന്നു. സിസ്റ്റർ ലില്ലി ജോസ് ആക്ഷൻ പ്ലാൻ തയ്യാറാക്കി അവതരിപ്പിച്ചു.

## "യൂക്കരിസ്റ്റിക് മിനിസ്റ്റേഴ്സ്"

2023 മാർച്ച് 14-ാംതീയതി കാതോലിക്കേറ്റ് സെന്ററിൽ വച്ച് ക്രമീകരിച്ച യൂക്കരിസ്റ്റിക് മിനിസ്ട്രിയുടെ ഭാഗമായുള്ള പരിശില നക്ലാസ്സിൽ ജനറലേറ്റിൽ നിന്നും സിസ്റ്റർ ലില്ലി ജോസ്, സിസ്റ്റർ കുസുമം, സിസ്റ്റർ ചൈതന്യ, സിസ്റ്റർ സാങ്റ്റ എന്നിവർ സംബ ന്ധിച്ചു. ഈ ശ്രേഷ്ഠദൗത്യത്തിന് കൈവയ്പ് ശുശ്രൂഷ ലഭിച്ച സിസ്റ്റേഴ്സിന് അഭിനന്ദനങ്ങൾ....

## "ഫീസ്റ്റ് ആഘോഷം...."

സെന്റ് ജോസഫ്സ് ഡേയോടനുബന്ധിച്ച് അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ സിസ്റ്റർ ലില്ലി ജോസിന്റെ ഫീസ്റ്റ് സമുചിതമായി ആഘോഷിച്ചു. വീഡിയോ പ്രദർശനം, ആക്ഷൻ സോങ്ങ്, ആശംസാഗാനം, ആശംസാപ്രസംഗം എന്നിവയിലൂടെ ആഘോഷം അവിസ്മരണീയമാക്കി.

## "നന്ദിയോടെ......"

സെക്കന്റ് നോവീഷ്യേറ്റ് പരിശീലനത്തിലായിരുന്ന ജൂണിയർ സിസ്റ്റേഴ്സ് ഒരു വർഷക്കാലയളവിലെ പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിന്റെ ഭാഗമായി മാർച്ച് 15-ാം തീയതി രാവിലെ അവർക്കു വേണ്ടി ദിവ്യബലി അർപ്പിച്ചു, തുടർന്ന് മീറ്റിംഗ് ക്രമീകരിച്ചു. ജൂണിയർ സിസ്റ്റേഴ്സ് അവരുടെ പരിശിലത്തിന്റെ ഭാഗമായി **"Blaze"** എന്ന പേരിൽ ഒരു കയ്യെഴുത്തുമാസിക തയ്യാറാക്കിയതിന്റെ ഉദ്ഘാടനം മദർ ആർദ്ര നിർവഹിച്ചു. മിസ്ട്രസ് സിസ്റ്റർ കുസുമത്തിനും ജൂണിയർ സിസ്റ്റേഴ്സിനും നന്ദിയും അനുമോദനങ്ങളും അർപ്പിച്ചു. വീഡിയോ പ്രദർശനം, ആക്ഷൻ സോങ്ങ്,

ആശംസാഗാനം, ആശംസാപ്രസംഗം എന്നിവയിലൂടെ പ്രോഗ്രാം കണ്ണിനും മനസ്സിനും കുളിർമ്മ പകരുന്ന അനുഭവം പ്രദാനം ചെയ്തുകൊണ്ട് ചടങ്ങ് അവിസ്മരണീയമാക്കി.

## "ആചാര്യശ്രേഷ്ഠന് യാത്രാമൊഴി...."

ചങ്ങനാശ്ശേരി രൂപതയുടെ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ പവ്വത്തിൽ പിതാവിന്റെ ഭൗതീകശരീരം ദർശിച്ച് പ്രാർത്ഥനകൾ അർപ്പിക്കുന്നതിനും കബറടക്കശുശ്രൂഷയിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## "ദാവീദിന്റെ കിന്നരം...."

**Goodness TV** ഒരുക്കിയ ദാവീദിന്റെ കിന്നരം എന്ന റിയാലിറ്റി ഷോയിൽ സംബന്ധിക്കുന്നതിന് 2023 മാർച്ച് 23-ാം തീയതി സിസ്റ്റർ കുസുമവും സിസ്റ്റർ ചൈതന്യയും പ്രോവിൻസുകളിൽ നിന്നും 15 സിസ്റ്റേഴ്സും ചാലക്കുടിയിൽ പോയി ഗാനങ്ങൾ ആലപിച്ച് പ്രശംസനാർഹമാംവിധം പങ്കെടുത്ത് ഗ്രേഡ് കരസ്ഥമാക്കി. ബഥനി സന്യാസിനീ സമൂഹത്തിന്റെ അഭിമാനമായി മാറിയ സിസ്റ്റേഴ്സ് 15 പേർക്കും ബഥനി സഹോദരങ്ങളുടെ അഭിനന്ദനങ്ങൾ....

## "എത്യോപ്യൻ സന്യാസാർത്ഥിനി-മെക്ഡസ് "

2023 മാർച്ച് 2-ാംതീയതി ബത്തേരി പ്രോവിൻസിന്റെ ബാംഗ്ലൂർ മഠത്തിൽ എത്തിച്ചേർന്ന എത്യോപ്യൻ സന്യാസാർത്ഥിനി മെക്ഡസ് മാർച്ച് 6-ാംതീയതി മദർ തേജസിനൊപ്പം ജനറലേറ്റിൽ എത്തി. തിരുവനന്തപുരം, തിരുവല്ല, മൂവാറ്റുപുഴ, മാവേലിക്കര, പത്തനംതിട്ട രൂപതാദ്ധ്യക്ഷന്മാരേയും സന്ദർശിച്ച് അനുഗ്രഹം നേടി. ഒപ്പം, കോട്ടയം ജനറലേറ്റ്, നമ്മുടെ 5 പ്രോവിൻസുകളുടെ പ്രൊവിൻഷ്യൽ ഹൗസുകൾ, വിവിധ അപ്പസ്തോലിക പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന മന്ദിരങ്ങൾ ഇവ സന്ദർശിച്ചു. സെക്കന്റ് ഇയർ പ്രീ-നോവീസ്സസിനൊപ്പം ഒരു ദിവസം ആയിരിക്കാൻ കഴിഞ്ഞത് മെക്ഡസിന് ഏറെ സന്തോഷം പ്രദാനം ചെയ്യുന്നതായിരുന്നു. മാർച്ച് 24-ാംതീയതി ബത്തേരി പ്രൊവിൻഷ്യൻ ഹൗസിൽ എത്തിച്ചേർന്ന മെക്ഡസ് അവിടെ നിന്നും ബാംഗ്ലൂർ-ന് തിരികെ പോയി.

അവിടെ നിന്നും മാർച്ച് 30-ാംതീയതി എത്യോപ്യായിലെ നമ്മുടെ കമ്യൂണിറ്റിയിൽ സുരക്ഷിതയായി എത്തിച്ചേർന്നു.

മെക്ഡസിന്റെ സന്ദർശനം വഴി സമൂഹത്തെക്കുറിച്ച് പൊതുവായി അറിയുന്നതിനും വിവിധങ്ങളായ ശുശ്രൂഷാമേഖലകൾ കണ്ട് മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു.

## "ബഥനി ആരാമത്തിലെ നിത്യ - നവസൂനങ്ങൾ...."

**നിത്യവ്രതം ചെയ്തവർ**

| | |
|---|---|
| 1. സിസ്റ്റർ വിമൽ | തിരുവല്ല |
| 2. സിസ്റ്റർ ജ്യോതിസ്സ് | ,, |
| 3. സിസ്റ്റർ പീയൂഷ | ,, |
| 4. സിസ്റ്റർ ശ്രേയസ്സ് | ,, |
| 5. സിസ്റ്റർ ആഗ്നസ് മരിയ | ബത്തേരി |
| 6. സിസ്റ്റർ ലിസ് മരിയ | ,, |
| 7. സിസ്റ്റർ ആൽഫി | പത്തനംതിട്ട |
| 8. സിസ്റ്റർ ഫൗസ്റ്റീന | ,, |

**ആദ്യവ്രതം ചെയ്തവർ**

| | |
|---|---|
| 1. സിസ്റ്റർ സോഫിയ മരിയ | തിരുവനന്തപുരം |
| 2. സിസ്റ്റർ കാത്‌ലീൻ | തിരുവല്ല |
| 3. സിസ്റ്റർ ജ്യൂവൽ | മൂവാറ്റുപുഴ |
| 4. സിസ്റ്റർ സേറ | ,, |

## നവസൂനങ്ങളുടെ ഫീസ്റ്റ് ദിനങ്ങൾ

| | |
|---|---|
| 1. സിസ്റ്റർ സോഫിയ മരിയ | മെയ് 25 |
| 2. സിസ്റ്റർ കാത്‌ലീൻ | ഏപ്രിൽ 29 |
| 3. സിസ്റ്റർ ജ്യൂവൽ | ആഗസ്റ്റ് 15 |
| 4. സിസ്റ്റർ സേറ | ജനുവരി 15 |

# തിരുവനന്തപുരം

## ബിലാസ്പൂർ മിഷൻ

തിരുവനന്തപുരം പ്രോവിൻസിന് ഛത്തീസ്ഗഡ് സംസ്ഥാനത്തിൽ, ബിലാസ്പൂരിൽ പുതിയ മിഷൻ ആരംഭിച്ചു. ജനുവരി 23-ാം തീയതി ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ് ഭവനം ആശീർവദിച്ചു. കൂദാശാകർമ്മത്തിൽ മദർ സാന്ദ്രയോടൊപ്പം സി.ഉദയ, സി. സുദീപ എന്നിവരും മിഷനുകളിൽ ജോലിചെയ്യുന്ന നമ്മുടെ സിസ്റ്റേഴ്സും ഛത്തിസ്ഗഡിൽ മിഷൻ പ്രവർത്തനം ചെയ്യുന്ന ബഹു.വൈദീകരും സിസ്റ്റേഴ്സും ബിലാസ്പൂർ മിഷനിലെ വിശ്വാസികളും സംബന്ധിച്ചു.

## പ്രൊവിൻഷ്യൽ അഡ്വൈസറി കൗൺസിൽ

പ്രൊവിൻഷ്യൽ അഡ്വൈസറി കൗൺസിലിന്റെ രണ്ടാമത് സമ്മേളനം ജനുവരി മാസത്തിൽ നാലാഞ്ചിറ മഠത്തിൽ വച്ച് നടന്നു. ആത്മീയജീവിതം, സമൂഹ ജീവിതം, അപ്പസ്തോലിക മേഖലകൾ എന്നിവ വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

## സുപ്പീരിയേഴ്സ് കോൺഫറൻസ്

ജനറൽ തലത്തിൽ നിന്ന് നേതൃത്വം നല്കിയ സുപ്പീരിയേഴ്സ് കോൺഫറൻസിന് വാളകംവമഠം വേദിയായി. പത്തനംതിട്ട , തിരുവനന്തപുരം പ്രോവിൻസുകളിലെ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, കൗൺസിലേഴ്സ് മന്ദിരങ്ങളുടെ സുപ്പീരിയേഴ്സ് എന്നിവർ സംബന്ധിച്ചു.

## ഹോംമിഷൻ

പ്രോവിൻസിന്റെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളുടെ സഹകരണത്തോടെ ചാരുംമൂട്, കാരിക്കൽ, ഭരതന്നൂർ, വടകോട് എന്നീ ഇടവകകളിൽ ഹോം മിഷൻ അംഗങ്ങൾ ഭവന സന്ദർശനം

നടത്തി. കൂടാതെ ഇടവകകളിൽ കൗൺസിലിംഗിന് അവസരം ഒരുക്കുകയും സി. നമിതയുടെ നേതൃത്വത്തിൽ ധ്യാനം നടത്തുകയും ചെയ്തു.

## ഏഞ്ചൽസ് മീറ്റ് പുനലൂർ

പുനലൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഏഞ്ചൽസ് മീറ്റ് സംഘടിപ്പിച്ചു. 250 ഓളം കുട്ടികൾ സംബന്ധിച്ചു. സിസ്റ്റേഴ്സിനെ കൂടാതെ ഡോ. അനു ക്ലാസുകൾ എടുത്തു.

## കൈവയ്പ്പ് ശുശ്രൂഷ

അത്യഭിവന്ദ്യ കാതോലിക്കാ ബാവായിൽ നിന്നും വി. കുർബാന, വിശ്വാസികൾക്ക് നല്കുന്നതിനായി മദർ സാന്ദ്ര, സി.ഉദയ, സി.ആഗ്നൽ, സി.ആദർശ, സി.സുദീപ, സി.വചന, സി. ആൻസൽ, സി.സൗമിനി, സി.ജൂബില, സി.കിരൺ, സി.പ്രസൂന, സി.ടെൽമ, സി.സുസ്മിത, സി.ലൈസ എന്നിവർക്ക് കൈവയ്പ്പ് ലഭിച്ചു.

## രജത ജൂബിലി ആഘോഷം

സന്യാസ സമർപ്പണ ജീവിതത്തിന്റെ കാൽ നൂറ്റാണ്ട് പിന്നിടുന്ന സി. റോസില, സി. ജെൻസി, സി. സെറിൻ, സി. കിരൺ, സി. ലൈസ എന്നിവരുടെ രജത ജൂബിലി ആഘോഷം ഫെബ്രുവരി 3, 4 തീയതികളിൽ പ്രോവിൻഷ്യൽ മന്ദിരത്തിൽ വച്ച് നടന്നു. അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്കാ ബാവാ തിരുമേനിയുടെ കാർമ്മികത്വത്തിൽ കൃതജ്ഞതാ ബലി അർപ്പിച്ചു. തുടർന്ന് ബഹു.മദർ ജനറൽ, മദർ ആർദ്ര അദ്ധ്യക്ഷത വഹിച്ച അനുമോദന യോഗത്തിൽ ബഹു.വൈദീകർ, സിസ്റ്റേഴ്സ്, കുടുംബാംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

## തീർത്ഥയാത്ര

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ദൈവദാസൻ മാർ ഈവാനിയോസ് പിതാവുമായി ബന്ധപ്പെട്ട കൽക്കട്ട, സെറാംമ്പൂർ എന്നീ സ്ഥലങ്ങളിലേക്ക് തീർത്ഥയാത്ര സംഘടിപ്പിച്ചു. 36 പേർ ഇതിൽ പങ്കെടുത്തു.

## തിരുനാളുകൾ / ആഘോഷങ്ങൾ

ബഹുമാനപ്പെട്ട മദർ ജനറൽ മദർ ആർദ്രയുടെ തിരുനാളിൽ മദറും സിസ്റ്റേഴ്സും ക്യാന്റിഡേഴ്സും സംബന്ധിച്ച് പ്രാർത്ഥനാശംസകൾ നേർന്നു.

മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ ജൂബിലി ആഘോഷങ്ങളിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

തിരുവനന്തപുരം മേജർ അതിരൂപതയുടെ പുതിയ വികാരി ജനറൽ ആയി നിയമിതനായ പെരിയ ബഹുമാനപ്പെട്ട തോമസ് കയ്യാലക്കൽ അച്ചനെ പ്രോവിൻഷ്യൽ ഹൗസിൽ ആദരിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

ഈ വർഷത്തെ നിത്യവ്രത വാഗ്ദാനത്തിനൊരുങ്ങുന്ന ജൂനിയർ സിസ്റ്റേഴ്സിനും നൊവിഷ്യറ്റ്, പ്രീ നോവിഷ്യേറ്റ് ഇവ പൂർത്തിയാക്കി പ്രോവിൻസുകളിലേക്ക് മടങ്ങുന്ന നോവിസസിനും പ്രീനോവിസസിനും പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് പ്രാർത്ഥനാശംസകൾ നേർന്നു.

## നവവൈദീകർക്ക് സ്വീകരണം

തിരുവനന്തപുരം, മാവേലിക്കര, പത്തനംതിട്ട എന്നീ രൂപതകളിലേയും ബഥനി ആശ്രമത്തിലേയും നവവൈദീകർ പ്രൊവിൻഷ്യൽ മന്ദിരത്തിൽ വി.കുർബാന അർപ്പിച്ചു. വന്ദ്യവൈദീകർക്ക് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും അറിയിച്ചു.

## ഓർമ്മയാചരണം

## ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ അനുസ്മരണം

പരിശുദ്ധ ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പായുടെ ഓർമ്മയ്ക്കായി, പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി അർപ്പിച്ച വി.കുർബാനയിലും സമ്മേളനത്തിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

### സിറിൽ ബസ്സേലിയോസ് കാതോലിക്കാ ബാവ

ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവയുടെ ഓർമ്മ കുർബാനയിലും കബറിങ്കലെ കർമ്മങ്ങളിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## ശതാബ്ദി ഒരുക്കവർഷം

### ഈവാനിയൻ ധ്യാനം

പ്രോവിൻസിന്റെ, ശതാബ്ദിയിലേക്കുള്ള ഒരുക്കത്തിന്റെ ഭാഗമായി എം.റ്റി.സി.യിൽ വച്ച് സി. നമിതയുടെ നേതത്വത്തിൽ ഈവാനിയൻ ധ്യാനം നടന്നു. പ്രോവിൻസിലെ സിസ്റ്റേഴ്സ് 4 ബാച്ചുകളായി ഇതിൽ സംബന്ധിച്ചു.

#### പ്രാർത്ഥന

ശതാബ്ദി ഒരുക്ക വർഷത്തിന്റെ ഭാഗമായി ജനുവരി 23 മുതൽ ഒരു ദിവസം ഒരു സിസ്റ്ററിനുവേണ്ടി എന്ന രീതിയിൽ പ്രോവിൻസിലെ എല്ലവരും പ്രാർത്ഥിക്കുന്നു.

#### പരിശീലനം

നോവിഷ്യറ്റ്, പ്രീ നോവിഷ്യറ്റ് പരിശീലനങ്ങൾക്കായി പ്രോവിൻസിൽ ഉണ്ടായിരുന്ന കുട്ടികൾ അവരവരുടെ പ്രോവിൻസുകളിലേക്ക് മടങ്ങി. പോകുന്നതിന് മുമ്പ് മിസ്ട്രസ്മാരുടേയും പ്രൊവിൻഷ്യൽ ടീമിന്റേയും നേതൃത്വത്തിൽ ഒരുമിച്ചുകൂടി തങ്ങളുടെ പരിശീലന കാലത്തെക്കുറിച്ച് വിലയിരുത്തൽ നടത്തി.

## ക്ലാസുകൾ /സെമിനാറുകൾ

### തിയോളജിക്കൽ കൊളോക്കിയം

പൂനയിലെ, ബഥനി വേദവിജ്ഞാന പീഠത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ തിയോളജിക്കൽ കൊളോക്കിയത്തിൽ മദർ സാന്ദ്ര Sainthood in the oriental tradition with reference to the Servent of God Archbishop Mar Ivanios എന്ന വിഷയം അവതരിപ്പിച്ചു.

**ദൈവവിളി - സെമിനാർ**

Synodal Commission for Vocation ആഭിമുഖ്യത്തിൽ നടത്തിയ ദൈവവിളിയെക്കുറിച്ചുള്ള സെമിനാറിൽ സി. ആൻസൽ, സി.ഐ വാനിയ എന്നിവർ പങ്കെടുത്തു.

**സിനഡ് കമ്മീഷൻ സെക്രട്ടിമാരുടെ സമ്മേളനം**

മലങ്കര സഭാ സിനഡിന് മുമ്പായി നടക്കുന്ന വിവിധ സിനഡൽ കമ്മീഷൻ സെക്രട്ടറിമാരുടെ മീറ്റിംഗിൽ, സി നമിതയും സി. തെരേസും സംബന്ധിച്ചു.

**സംസ്ഥാനതല സംഗമങ്ങൾ**

കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ സംസ്ഥാന സംമ്മേ ളനത്തിന്റെ പ്രാരംഭ സംമ്മേളനത്തിനും വിളംബര റാലിക്കും നാലാ ഞ്ചിറ സെന്റ്. ഗൊരേത്തീസ് സ്കൂൾ വേദിയായി.

തിരുവനന്തപുരം മേജർ അതിരൂപത ആതിഥേയത്വം വഹിച്ച കേരള കാത്തലിക് റ്റീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളന ത്തിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

**സാമൂഹ്യസേവനരംഗം**

സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ് മദർ സാന്ദ്രയുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടുകയും ഈ മേഖലയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും പുതിയ പദ്ധതികൾക്ക് രൂപം നല്കുകയും ചെയ്തു.

**പൂർവ്വ വിദ്യാർത്ഥി സംഗമം**

തിരുവനന്തപുരം, കുമാരപുരം ബഥാനിയ റീഹാബിലിറ്റേ ഷൻ സെന്ററിലെ പൂർവ്വ വിദ്യാർത്ഥികളുടെ സംഗമം ഫെബ്രുവരി 18 ന് സെന്ററിൽ വച്ച് നടത്തി. അനേകം കുട്ടികൾ ഇതിൽ സംബ ന്ധിച്ചു.

**റിട്ടയർമെന്റ്**

സുദീർഘമായ വർഷങ്ങളിലെ നിസ്തുല സേവനങ്ങൾക്കു ശേഷം സെന്റ്. ഗൊരേത്തീസ് സ്കൂൾ, നാലാഞ്ചിറയിൽ നിന്ന് സി.

സീലിയായും സെന്റ്.മേരീസ്, കായംകുളം സ്കൂളിൽ നിന്ന് സി. തുഷ്ടിയും വിരമിച്ചു. പ്രിയപ്പെട്ട സിസ്റ്റേഴ്സിന്റെ നിസ്തുല സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. തുടർന്നുള്ള ജീവിതത്തിലും കൂടുതൽ ദൈവകൃപകൾ കൊണ്ട് നിറഞ്ഞ് ഫലസമ്പുഷ്ടമാകാൻ പ്രാർത്ഥിക്കുന്നു.

**അഭിനന്ദനങ്ങൾ**

സി..തെരേസ് Effect of Nursing Intervention Package in Prevention of Muscle Atrophy among Critically Ill Patients എന്ന വിഷയത്തിൽ ഗവേഷണം നടത്തി Doctrate കരസ്ഥമാക്കി.

സി.സുഫല ഉസ്മാനിയ യൂണിവേഴ്സിറ്റിയിൽ നിന്നും ബി എഡ്, ഡിസ്റ്റിംഗ്ഷനോടെ വിജയിച്ചു. പ്രിയ സിസ്റ്റേഴ്സിന് അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

## തിരുവല്ല പ്രോവിൻസ്

**ക്രിസ്ത്യാനോ 2023**

8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി "Personality development and Addictive Behaviours" എന്ന വിഷയത്തെ ആസ്പദമാക്കി തിരുവല്ല അതിരൂപതയിലെ എല്ലാ മേഖലയിലും നടത്തിയ ഏകദിന പ്രോഗ്രാമിൽ 760 കുട്ടികൾ സംബന്ധിക്കുകയും Dr. Sr. Bhavya, Dr. Sr. Grace, Mr. Binu Varghese (Civil Excise Officer) എന്നിവർ ക്ലാസ്സുകൾ നയിക്കുകയും ആക്ഷൻ സോങ്, ഗെയിംസ് എന്നിവക്ക് സിസ്റ്റേഴ്സ് നേതൃത്വം നൽകുകയും ചെയ്തു.

**സഭൈക്യവാരപ്രാർത്ഥന**

ജനുവരി 18 മുതൽ 25 വരെ തിരുവല്ല മേഖലയിൽ വിവിധ ദൈവാലയങ്ങളിൽ നടത്തിയ സഭൈക്യവാരപ്രാർത്ഥനയിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

### ഫാമിലി ഗാതറിംഗ്

ഈ വർഷത്തെ രണ്ടാമത്തെ ഫാമിലി ഗാതറിംഗ് കുമ്പളന്താനം മഠത്തിൽ വച്ച് നടത്തപ്പെട്ടു. ഡോക്ടേഴ്സായ സിസ്റ്റർ ഭവ്യ, സിസ്റ്റർ സംപ്രീത എന്നിവർ നയിച്ച ക്ലാസ്സുകളെ തുടർന്ന് ഗ്രൂപ്പ് ഡിസ്കഷൻ, കലാപരിപാടികൾ എന്നിവ നടത്തുകയും പെരുനാട് മുണ്ടൻമലയിലേക്കു തീർത്ഥാടന യാത്ര പോകുകയും ചെയ്തു.

### സുപ്പീരിയേഴ്സ് കോൺഫറൻസ്

തിരുവല്ല, മുവാറ്റുപുഴ പ്രോവിൻസിലെ സിസ്റ്റേഴ്സിനായി ജനറലേറ്റിൽ നിന്ന് ക്രമീകരിച്ച സുപ്പീരിയേഴ്സ് കോൺഫറൻസ് തിരുമൂലപുരം പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് നടത്തപ്പെട്ടു. 45 സിസ്റ്റേഴ്സ് സംബന്ധിച്ചു.

### കൂദാശകൾ : ഇവാനിയൻ ഹട്ട്

ശതാബ്ദിയോടനുബന്ധിച്ചു പുനരുദ്ധരിച്ചു (1920-2020) ഇവാനിയൻ ഹട്ട് (ബേസ് ആബോ ദ് മോർ ഇവാനിയോസ്) ന്റെ കൂദാശ ബഹു. ഫാ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. നിർവഹിച്ചു. ബഹു. മദർ ജനറൽ, മദർ ആർദ്ര, മദർ ജോബ്സി, മദർ ജോസ്ന, സിസ്റ്റർ ചൈതന്യ, സിസ്റ്റർ കുസുമം, സിസ്റ്റർ രാജിത, ധാരാളം സിസ്റ്റേഴ്സ് എന്നിവരുടെ സാന്നിദ്ധ്യം ഏറെ അനുഗ്രഹ പ്രദമായിരുന്നു.

ചുങ്കപ്പാറ മഠത്തിൽ പുതുതായി പണിത കെട്ടിടത്തിന്റെ കൂദാശ ബഹു. ഫാ. തോമസ് തൈക്കൂട്ടം നിർവഹിച്ചു.

### ഓർമ്മപെരുനാൾ

അഭിവന്ദ്യ തോമസ് മാർ ദിയസ്കോറസ്സ് പിതാവിന്റെ ഓർമ്മ ദിവസത്തോടനുബന്ധിച്ച് ഫെബ്രുവരി 21, 22 തീയതികളി ലായി തിരുമൂലപുരം സെൻറ് മേരീസ് ദൈവാലയത്തിൽ വച്ച് നടന്ന സന്ധ്യപ്രാർത്ഥനയിലും, തിരി പ്രദിക്ഷണത്തിലും, വിശുദ്ധ കുർബാനയിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

### 41-ാം ചരമദിനം

ബഹു. വിൻസെന്റ് നെടുങ്ങാട്ടച്ചൻ സിസ്റ്റർ മാർഗരറ്റിന് വേണ്ടി (മാർച്ച് 11) വിശുദ്ധ കുർബാന അർപ്പിക്കുകയും ധൂപ പ്രാർത്ഥന നടത്തുകയും ചെയ്തു.

അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തെഫാനോസ് പിതാവ് സിസ്റ്റർ തെരസിറ്റക്ക് വേണ്ടി (മാർച്ച് 18) വിശുദ്ധ കുർബാന അർപ്പിക്കുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു.

## പ്രൊവിൻഷ്യൽ അഡ്വൈസറി കൗൺസിൽ

പ്രൊവിൻഷ്യൽ ടീം, അഡ്വൈസറി കൗൺസിൽ മെമ്പേഴ്സ് എന്നിവർ ഒന്നുചേർന്ന് മാർച്ച് 4-ാം തീയതി മീറ്റിംഗ് നടത്തുകയുണ്ടായി.

## ടീച്ചേഴ്സ് ഗിൽഡ്

മദർ ജോബ്സിയുടെ അധ്യക്ഷതയിൽ മാർച്ച് 11-ന് ചെങ്ങരൂർ സെന്റ് തെരേസാസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട ടീച്ചേഴ്സ് ഗിൽഡിൽ ബഹു. ഫാ. മനോജ് വട്ടമറ്റം അനുഗ്രഹപ്രഭാഷണം നടത്തി. പ്രസ്തുത സമ്മേളനത്തിൽ 2022-23 അധ്യയന വർഷം വിരമിക്കുന്ന അദ്ധ്യാപകരെ ആദരിക്കുകയും നന്ദി സൂചകമായി ഉപഹാരസമർപ്പണം നടത്തുകയും ചെയ്തു.

## യുക്കരിസ്റ്റിക് മിനിസ്റ്റേഴ്സ്

| | |
|---|---|
| സിസ്റ്റർ ലില്ലി ജോസ് | സിസ്റ്റർ ടെസ്സി പോൾ |
| സിസ്റ്റർ ശാന്തി | സിസ്റ്റർ സംലഭ്യ |
| സിസ്റ്റർ സായൂജ്യ | സിസ്റ്റർ ഷെറിൻ |
| സിസ്റ്റർ ഉഷസ് | സിസ്റ്റർ ജറോസ് |
| സിസ്റ്റർ മേഴ്സിലിറ്റ് | സിസ്റ്റർ ലീമ റോസ് |
| സിസ്റ്റർ ശാലീന | സിസ്റ്റർ അനർഘ |
| സിസ്റ്റർ ഗ്രേയ്സ് | സിസ്റ്റർ അഞ്ജന |
| സിസ്റ്റർ സാണ്ട്റ | |

## കാതോലിക് കൺവെൻഷൻ

തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ബഹു. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ നയിച്ച ബൈബിൾ കൺവെൻഷനിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

## അഭിനന്ദനങ്ങൾ

സമൂഹത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് "മാർ ഇവാനിയോസ് പിതാവും ബഥനിയും" എന്ന വിഷയത്തെ ആസ്പദമാക്കി

നടത്തിയ കവിത മത്സരത്തിൽ സിസ്റ്റർ ഭവ്യ, ഒന്നാം സ്ഥാനവും, സിസ്റ്റർ റിജോയ്സ്, സിസ്റ്റർ റോസ് തെരേസ് എന്നിവർ രണ്ടും മൂന്നും സ്ഥാനവും കരസ്ഥമാക്കി.

മാർ ഇവാനിയോസ് പിതാവിന്റെ സന്ന്യാസ ദർശനങ്ങൾ,, ഗിരിദീപം എന്നിവയെ അടിസ്ഥാനമാക്കി നടത്തിയ ക്വിസ് മത്സരത്തിൽ മല്ലപ്പള്ളി, കുമളി, തിരുവല്ല യൂണിറ്റുകൾ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.

KSR പരീക്ഷയിൽ വിജയികൾ - സിസ്റ്റർ ശാലോം, സിസ്റ്റർ കൊച്ചുറാണി, സിസ്റ്റർ ഷാരോൺ.

പാലാ അൽഫോൻസാ കോളേജിൽ നിന്ന് എം.എ. പൊളിറ്റിക്കൽ സയൻസിൽ സിസ്റ്റർ ശ്രേയസ്സ് ഉന്നത വിജയം കരസ്ഥമാക്കി.

സിസ്റ്റർ ജൂഡിക്ക് ഫാദർ മുള്ളർ കോളേജ് ഓഫ് നഴ്സിങ്ങിൽ പ്രൊഫസർ ആയി സ്ഥാനക്കയറ്റം ലഭിച്ചു.

Kerala Catholic Youth Movement (KCYM) ന്റെ സംസ്ഥാന തല സിനഡിക്കേറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ അലീനയ്ക്ക് അഭിനന്ദനങ്ങൾ.

Mathrubhumi Students Empowerment for Environmental Development (SEED) ഏർപ്പെടുത്തിയ ഹരിതവിദ്യാലയം ജില്ലാ തല മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തിരുമൂലവിലാസം സ്കൂളിന് അഭിനന്ദനങ്ങൾ.

സിസ്റ്റേഴ്സ് എല്ലാവർക്കും അഭിനന്ദനങ്ങൾ.

# ബത്തേരി പ്രോവിൻസ്

## അനുസ്മരണാദിനം

ബത്തേരി കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്ക ബാവ, അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനി, അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി എന്നീ പിതാക്കന്മാരെ അനുസ്മരിച്ചുകൊണ്ട് 2023 ജനുവരി 18-ാം തീയതി രാവിലെ 7 മണിക്ക് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ നടത്തിയ വി. ബലിയിലും, ധൂപ പ്രാർത്ഥനയിലും ബഹു. മദർ പ്രൊവിൻഷ്യലും, സിസ്റ്റേഴ്സും സംബന്ധിച്ചു.

## നാമഹേതുക തിരുന്നാൾ ആഘോഷം

ജനുവരി 28-ാം തീയതി നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന ബഥനി സന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ, ബഹു. മദർ ആർദ്രയുടെ ഫീസ്റ്റിനോടനുബന്ധിച്ച് ജനറലേറ്റിൽ വെച്ച് നടന്ന ആഘോഷത്തിൽ ബഹു. മദർ തേജസും, സിസ്റ്റേഴ്സും പോയി പങ്കുചേരുകയും, ആശംസകളർപ്പിക്കുകയും കലാപരിപാടി അവതരിപ്പിക്കുകയും ചെയ്തു.

## Metcha mission

എത്യോപ്യയിൽ Nekkamte രൂപതയിൽ Mecha എന്ന സ്ഥലത്ത് 08/09/2020-ൽ ഒരു പുതിയ മിഷൻ രൂപീകരിക്കുകയും സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ അവിടെ ഒരു ക്ലിനിയ്ക്കും, സ്കൂളും വളരെ നന്നായി പ്രവർത്തിച്ചു വരികയായിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ Mecha മിഷൻ നിർത്തലാക്കിക്കൊണ്ട് Emdeber രൂപതയിലെ ബുറാത്ത് എന്ന മിഷന് തുടക്കം കുറിക്കാനുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

## Barisol

ശതാബ്ദിയുടെ ഭാഗമായി ബഥനി ബത്തേരി പ്രൊവിൻസിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 6 മുതൽ 11 വരെയുള്ള തീയതികളിൽ 23 സിസ്റ്റേഴ്സ് മാർ ഈവാനിയോസ് പിതാവിന്റെ പാദ

സ്പർശം ഏറ്റ ബാരിസോൾ, കൽക്കട്ട, സബർമതി, ശാന്തിനികേതൻ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു.

### കുരിശിന്റെ വഴി

40-ാം വെള്ളിയാഴ്ച ബത്തേരി, മാനന്തവാടി, കോഴിക്കോട് എന്നീ 3 രൂപതകൾ ചേർന്ന് സംയുക്തമായി നടത്തിയ കുരിശിന്റെ വഴിയിൽ ബഹു. മദറും വിവിധ മഠങ്ങളിൽ നിന്ന് കടന്ന് വന്ന സിസ്റ്റേഴ്സും പങ്കെടുത്തു. ദൃശ്യാവിഷ്ക്കരണത്തോട് കൂടിയ കുരിശിന്റെ വഴിയിൽ വൈദികരും, വിവിധ സന്ന്യാസ സമൂഹത്തിൽ പ്പെട്ട സിസ്റ്റേഴ്സും, ദൈവജനവും ചേർന്ന് ഏകദേശം 1500 റോളം ജനങ്ങൾ ഉണ്ടായിരുന്നു.

### കാനോനിക്കൽ വിസിറ്റ്

ഇത്രയും നാളിനോടനുബന്ധിച്ച് മദർ തേജസും, സിസ്റ്റർ ലിറ്റിയും ചേർന്ന് ഇന്ത്യയിലെ രണ്ട് മഠങ്ങൾ ഒഴിച്ച് എല്ലാ മഠങ്ങളും കാനോനിക്കൽ വിസിറ്റ് നടത്തി.

### മലങ്കര കാതോലിക്ക് അസോസിയേഷൻ ഗ്ലോബൽ അസംബ്ലി

ബത്തേരി ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി, മാവേലിക്കര ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മാനന്തവാടി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം എന്നീ പിതാക്കന്മാരുടെ അനുഗ്രഹീത സാന്നിധ്യത്തിൽ ഫെബ്രുവരി 11, 12 തീയതികളിൽ എം.സി.എ ബത്തേരി ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ശ്രേയസ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന മലങ്കര കത്തോലിക്ക സഭയുടെ ഇന്ത്യയിലെ 11 രൂപതകളിലെ മലങ്കര കാത്തലിക്ക് അസോസിയേഷൻ അംഗങ്ങൾ അടങ്ങുന്ന മലങ്കര കാതോലിക്ക് അസോസിയേഷന്റെ ഗ്ലോബൽ അസംബ്ലിയിൽ ബഹു. മദറും സിസ്റ്റേഴ്സും പങ്കുചേരുകയും, ബഹു. മദർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

### കൂദാശാകർമ്മം

കുപ്പാടി മഠത്തിന്റെ അടുക്കള ഭാഗം പൊളിച്ച് മഠത്തിനും, സ്ഥാപനത്തിനും പ്രത്യേകമായി പുതുതായി പണി കഴിപ്പിച്ച അടുക്കളയുടെ കൂദാശാകർമ്മം 19-02-2023 ഞായറാഴ്ച വൈകു

ന്നേരം 4 മണിക്ക് ബഹു. മാത്യു അറമ്പൻകുടി കോർ എപ്പിസ്കോപ്പ അച്ചൻ നിർവ്വഹിച്ചു. ധന്യമായ ഈ ശുശ്രൂഷകളിൽ ബഹു. മദർ തേജസ് എസ്.ഐ.സി., കൗൺസിലേഴ്സ്, സിസ്റ്റേഴ്സ്, അന്തേവാസികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ബഥനി ബത്തേരി പ്രൊവിൻസിന്റെ നേതൃത്വത്തിൽ ത്രിപുരയിലുള്ള രായിഷാബാരി എന്ന സ്ഥലത്ത് ഒരു പുതിയ മിഷന് തുടക്കം കുറിക്കുകയും അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ് മാർച്ച് 12-ാം തീയതി മിഷൻ ഹൗസിന്റെ കൂദാശാകർമ്മം നിർവഹിക്കുകയും ചെയ്തു. ഇപ്പോൾ സിസ്റ്റർ സുമ, സിസ്റ്റർ ലിസ എന്നീ രണ്ട് സിസ്റ്റേഴ്സ് അവിടെ താമസിക്കുന്നു. അവരുടെ അഡ്രസ്സ് താഴെ ചേർക്കുന്നു.

**Address :**
**Sr. Superior SIC**
173, Dronahari Para, West Potachara P.O.,
Raima, Dhalai, Raishyabari, Tripura - 799104

## ശുബ്ക്കോനോ ശുശ്രൂഷ

വലിയ നോമ്പിന്റെ ആരംഭമായി ഫെബ്രുവരി 20-ാം തീയതി സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ശുബ്ക്കോനോ ശുശ്രൂഷയിൽ ബത്തേരി പ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ സിസ്റ്റേഴ്സും മദറും പങ്കുചേർന്നു.

## ബത്തേരി രൂപതാ മാതൃവേദി സെനറ്റും, പ്രോ-ലൈഫ് സംഗമവും

ഫെബ്രുവരി 22-ാം തീയതി ബത്തേരി രൂപതാ മാതൃവേദി സെനറ്റും, ഏപ്രിൽ 1-ാം തീയതി ബത്തേരി രൂപതാ പ്രോ-ലൈഫ് സംഗമവും അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. ഡയറക്ടർ അച്ചനോടും രൂപതാ ഭാരവാഹികളോടും ചേർന്ന് മാതൃവേദി ആനിമേറ്റർ, സിസ്റ്റർ കിരൺ എസ്.ഐ.സി. എല്ലാ പ്രവർത്തനങ്ങൾക്കും സജീവമായി നേതൃത്വം കൊടുക്കുകയും ചെയ്തു.

## വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിങ്ങ്

ഫെബ്രുവരി 22-ാം തീയതി പ്രൊവിൻഷ്യൽ തലത്തിൽ

നടത്തിയ Online Vocation Promoters Meeting-ൽ ബഹു. മദർ തേജസ്സും, സിസ്റ്റർ കിരണും എല്ലാ Vocation Promoters-ഉം സംബന്ധിച്ചു. Vocation എങ്ങനെ, എപ്പോൾ നടത്തണം, കുട്ടികളുടെ ഭവനസന്ദർശനം എന്നിങ്ങനെയുള്ള കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും, ക്രമീകരണം നടത്തുകയും ചെയ്തു.

## Pre-novice ന് സ്വീകരണം

എത്യോപ്യയിൽ സിസ്റ്റേഴ്സിന്റെ പ്രവർത്തനത്താൽ ദൈവവിളി സ്വീകരിച്ച് സന്യാസജീവിതം ആഗ്രഹിച്ചു മഠത്തിൽ വന്ന എത്യോപ്യയിൽ നിന്നുള്ള മെക്ഡെസിനെ (Pre-novice) ബത്തേരി പ്രൊവിൻഷ്യലേറ്റിലേക്ക് സ്വീകരിക്കുകയും, ഒരാഴ്ചയോളം പ്രൊവിൻഷ്യൽ ഹൗസിൽ ആയിരിക്കുകയും ചെയ്തു.

## ജനറൽ അഡ്വൈസറി കൗൺസിൽ

മാർച്ച് 7-ാം തീയതി ജനറലേറ്റിൽ വെച്ച് നടന്ന General Advisory Council meeting-ൽ മദർ പ്രൊവിൻഷ്യലും, ജനറൽ അഡ്വൈസറി കൗൺസിൽ Members-ഉം സംബന്ധിച്ചു.

## Mission, Vocation & Formation meet

മാർച്ച് 10-ാം തീയതി ജനറലേറ്റിൽ വെച്ച് നടന്ന Mission, Vocation & Formation meet-ൽ മദർ പ്രൊവിൻഷ്യൽ, Vocation Councilor, Sr. Kiran SIC, വിവിധ മേഖലയിൽ നിന്ന് വന്ന 9 സിസ്റ്റേഴ്സ് എന്നിവർ സംബന്ധിച്ചു.

## 12-ാമത് വയനാട് ബൈബിൾ കൺവെൻഷൻ

2022 മാർച്ച് 16 മുതൽ 19 വരെ ബത്തേരി സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടന്ന 12-ാമത് വയനാട് ബൈബിൾ കൺവെൻഷനിൽ ബത്തേരി മേഖലയിലെ എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു. ധ്യാനം നയിച്ചത് തലശേരി അതിരൂപത മെത്രാൻ അഭിവന്ദ്യ ജോസഫ് പാംപ്ലാനി, മാനന്തവാടി സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം, കോഴിക്കോട് രൂപതാ മെത്രാൻ അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ എന്നീ പിതാക്കന്മാർ ആയിരുന്നു. നോമ്പിന് ഒരുക്കമായി നടത്തിയ ഈ ധ്യാനം വളരെ ഉപകാരപ്രദമായിരുന്നു.

## സന്യാസ പരിശീലനം

First year Candidates, ഡിൽന & അലീന എന്നിവരുടെ സന്യാസ പരിശീലനത്തിന്റെ ഭാഗമായി 2 മാസം ഇംഗ്ലീഷ് ഭാഷ പഠനത്തിനായി നാസിക് മഠത്തിലേക്ക് പോയി.

## സുപ്പീരിയേഴ്സ് മീറ്റിങ്ങ്

2023 മാർച്ച് 25-ാം തീയതി ജനറൽ തലത്തിലുള്ള സുപ്പീരിയേഴ്സ് കോൺഫ്രൻസ് മദർ ജനറൽ ബഹു. മദർ ആർദ്രയുടെ നേതൃത്വത്തിൽ മൂലങ്കാവ് ഫോർമേഷൻ ഹൗസിൽ വെച്ച് നടത്തപ്പെട്ടു. മദറിനോടൊപ്പം സെക്രട്ടറി ജനറൽ സിസ്റ്റർ രാജിതയും, പ്രൊക്കുറേറ്റർ ജനറൽ, സിസ്റ്റർ ട്രീസായും സന്നിഹിതരായിരുന്നു. ബഹു. മദർ ജനറൽ സുപ്പീരിയേഴ്സിന് Synodal Leadership എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ബഥനി സന്യസ്തരുടെ ജീവിതവും, ഉത്തരവാദിത്വവും എപ്രകാരം ആയിരിക്കണം എന്ന് ഊന്നി പറഞ്ഞുകൊണ്ട് ക്ലാസ്സ് എടുക്കുകയും, തുടർന്ന് ബഹു. മദർ പ്രൊവിൻഷ്യൽ അത്യാവശ്യമായി സുപ്പീരിയേഴ്സ് അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളെക്കുറിച്ചും ശതാബ്ദിയോടനുബന്ധിച്ച് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും ഓർമ്മപ്പെടുത്തുകയും ചെയ്തു. സെക്രട്ടറി ജനറൽ  സിസ്റ്റർ രാജിത സിസ്റ്റേഴ്സിനെ entertain ചെയ്യാൻ ഉചിതമായ Programme-കൾ നൽകി സമ്മേളനം ഊർജസ്വലമാക്കി. ഇതിൽ രണ്ട് മഠത്തിൽ നിന്ന് ഒഴിച്ച് എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു. കോൺഫറൻസിൽ സഹകരിച്ചു പ്രവർത്തിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുകയും ചെയ്തു.

## അവധിക്ക് വന്നവർ

ജർമനിയിൽ നിന്ന് സി. സ്വരൂപ, സി. ആത്മജ, എത്യോപ്യയിൽ നിന്ന് സി. ഉത്ഥിത എന്നിവർ അവധി കഴിഞ്ഞു തിരികെ പോകുകയും സി. നവ്യ ജർമനിയിൽ നിന്ന് അവധിക്ക് നാട്ടിൽ വരുകയും ചെയ്തു.

## സെന്റ് ഓഫ്

6 വർഷമായി പ്രൊവിൻഷ്യൽ ഹൗസിലെ ചാപ്ലേൻ ആയി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹു. മാത്യു അറമ്പൻകുടി കോർ എപ്പിസ്കോപ്പ അച്ചന് സെന്റ് ഓഫും, പുതിയ

ചാപ്ലേൻ ആയി കടന്ന് വന്ന വന്ദ്യ മോൺസിഞ്ഞോർ ഡോ. ജേക്കബ് ഓലിക്കൽ അച്ചന് സ്വീകരണവും നൽകി.

### ദൈവാലയ കൂദാശ

പാക്കം, മുട്ടികടവ് എന്നീ സ്ഥലങ്ങളിൽ പുതുതായി നിർമ്മിച്ച ദേവാലയ കൂദാശയിലും മറ്റു പരിപാടികളിലും ബഹു. മദറും സിസ്റ്റേഴ്സും സംബന്ധിച്ചു. കൂദാശയോടനുബന്ധിച്ചു നടന്ന മീറ്റിംഗിൽ മദർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

### പള്ളി പെരുന്നാൾ

മലങ്കര, ബഡേരി, ചുള്ളിയോട്, കൊളഗപ്പാറ, പൂമല, അസംപ്ഷൻ എന്നീ പള്ളികളുടെ പെരുന്നാളുകളിലും, കർണാടകയിലെ ഇച്ചിലംപാടി പള്ളിയുടെ രജതജൂബിലി ആഘോഷ പരിപാടിയിലും സിസ്റ്റേഴ്സ് പോയി സംബന്ധിച്ചു.

### School Anniversary

Cherupuzha, Ayyankolly, Kelakam, Naduvil, Velamcode, Muthireri, Mamankara, St. Joseph's School Bathery എന്നീ സ്കൂളുകളുടെ Anniversary-യിൽ മദറും കൗൺസിലേഴ്സും മാറി മാറി പോയി സംബന്ധിക്കുകയും ആശംസകൾ അർപ്പിച്ചു സംസാരിക്കുകയും ചെയ്തു.

### ഹോം മിഷൻ

കേരള സഭാനവീകരണ വർഷങ്ങളുടെ (2022-2025) ഭാഗമായി ബഥനി ബത്തേരി പ്രോവിൻസിന്റെ നേതൃത്വത്തിൽ ബത്തേരി രൂപതയുടെ കണ്ണൂർ മേഖലയിലുള്ള വിവിധ പള്ളികളിൽ സിസ്റ്റേഴ്സ് പോയി ഭവനസന്ദർശനവും, ആവശ്യമായവർക്ക് കൗൺസലിങ്ങും നടത്തുകയും ചെയ്തു. അതുപോലെ തന്നെ ഫെബ്രുവരി 20-ാം തീയതി മുതൽ ഒരാഴ്ചവരെ കേളകം സ്കൂളിൽ Campus Ministry സിസ്റ്റേഴ്സ് നടത്തുകയും ചെയ്തു.

### രോഗി സന്ദർശനം

നമ്മുടെ ഭവനത്തിൽ ജോലി ചെയ്തിരുന്ന വിജയൻ എന്ന ഹൈന്ദവ സഹോദരന് പെട്ടെന്ന് ഉണ്ടായ അപകടത്തെ തുടർന്ന് കാല് ഒടിഞ്ഞതിനാൽ മദറും സിസ്റ്റേഴ്സും അദ്ദേഹത്തെ ഹോസ്പിറ്റലിൽ എത്തിക്കുകയും, ആശ്വസിപ്പിക്കുകയും, ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു.

# പത്തനംതിട്ട പ്രോവിൻസ്

### ധ്യാനം

ബഹു. ജോസ് മരിയദാസ് അച്ചന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ചു നടത്തിയ 5 ദിവസത്തെ ഇവാനിയൻ ധ്യാനത്തിൽ 40 സിസ്റ്റേഴ്സ് പങ്കെടുത്തു.

പെരുനാട് കുരിശുമല ദേവാലയത്തിൽ വൈദികർക്കും സന്ന്യസ്ഥർക്കുമായി പകുതി നോമ്പിനോടനുബന്ധിച്ച് നടത്തിയ ഏകദിന ധ്യാനത്തിൽ മദറും സിസ്റ്റേഴ്സും പങ്കെടുത്തു.

### ബൈബിൾ കൺവെൻഷൻ

ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചന്റെ നേതൃത്വത്തിൽ പത്തനംതിട്ട കത്തീഡ്രലിൽ വച്ചു നടത്തിയ 5 ദിവസത്തെ ബൈബിൾ കൺവെൻഷനിൽ ബഹു. മദറും സിസ്റ്റേഴ്സും പങ്കെടുത്തു.

### തീർത്ഥാടനം

വിശുദ്ധ ദേവസഹായത്തിന്റെ സ്മരണ നിലനിർത്തുന്ന കോട്ടാർ രൂപതയിലെ പുണ്യസ്ഥലങ്ങളും ദേവാലയവും ബഹു. മദറും സിസ്റ്റേഴ്സും സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചു.

### രൂപതാദിനം

പത്തനംതിട്ട രൂപതാദിനവുമായി ബന്ധപ്പെട്ട് കത്തീഡ്രൽ ദേവാലയത്തിൽ വച്ചു നടന്ന വിശുദ്ധ ബലിയിലും മറ്റു ചടങ്ങുകളിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

### ജൂബിലി ആഘോഷം

അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി, പൗരോഹിത്യ സുവർണ്ണ ജൂബിലി ഇവയുമായി ബന്ധപ്പെട്ട് കടമ്മനിട്ട പള്ളിയിൽ വച്ചു നടത്തപ്പെട്ട കുർബാനയിലും മറ്റു ചടങ്ങുകളിലും മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലിയാഘോഷത്തിൽ മദറും

സിസ്റ്റേഴ്സും മാവേലിക്കര കത്തീഡ്രൽ ദേവാലയത്തിൽ പോയി സംബന്ധിച്ചു.

## ജനറൽ അഡ്വൈസറി കൗൺസിൽ

കോട്ടയം ജനറലേറ്റിൽ വച്ചു നടത്തിയ ജനറൽ അഡ്വൈസറി കൗൺസിൽ മീറ്റിംഗിൽ മദർ പ്രൊവിൻഷ്യൽ, സിസ്റ്റർ ശാലിനി, സിസ്റ്റർ ഹൃദ്യ, സിസ്റ്റർ മയൂഖ എന്നിവർ സംബന്ധിച്ചു.

## ദൈവവിളി

ദൈവവിളിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ വച്ചു നടന്ന 2 ദിവസത്തെ ക്യാമ്പിൽ സിസ്റ്റർ ശാലിനിയും സിസ്റ്റർ ജോയ്സും പങ്കെടുത്തു.

പ്രൊവിൻഷ്യൽ തലത്തിൽ നടത്തിയ വൊക്കേഷന്റെ മീറ്റിംഗിൽ ബന്ധപ്പെട്ട 15 സിസ്റ്റേഴ്സ് സംബന്ധിക്കുകയും ചർച്ചകൾ നടത്തി തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

ദൈവവിളി പ്രോത്സാഹനാർത്ഥം മുളന്തറ, സീതത്തോട്, ആങ്ങമൂഴി, പൂഴിക്കാട് ഇടവകകളിൽ ബഹു. മദറും സിസ്റ്റേഴ്സും സന്ദർശനം നടത്തി.

## ഏകദിന ക്യാമ്പ് – 'ദ്യുതി'

ദൈവവിളി ലക്ഷ്യം വച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടത്തിയ മാർഗ്ഗ നിർദ്ദേശ ക്ലാസ്സിൽ 150 പെൺകുട്ടികൾ സംബന്ധിച്ചു. പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ്, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ പിതാക്കന്മാർ കുട്ടികളെ സന്ദർശിച്ച് അവരോട് സംസാരിച്ചു. ബഹു. തോമസ് ചെറുതോട്, മദർ തമിം, സിസ്റ്റർ രാജിത എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബഹു. മാത്യു പേഴുംകൂട്ടത്തിൽ അച്ചൻ ആരാധനയ്ക്ക് നേതൃത്വം നൽകി. കുട്ടികൾക്ക് വളരെ സന്തോഷപ്രദവും ഫലദായകവുമായ ഒരു കൂടിവരവായിരുന്നു.

## ഹോം മിഷൻ

കോന്നി വൈദിക ജില്ലയിലെ മുളന്തറ ഇടവകയിലെ എല്ലാ ഭവനങ്ങളും സിസ്റ്റേഴ്സ് സന്ദർശിച്ച് ആത്മീയ ഉണർവ്വ് നൽകി.

### കാനോനിക സന്ദർശനം

കുടശ്ശനാട്, തട്ട മഠങ്ങളിൽ മദർ പ്രൊവിൻഷ്യൽ കാനോനിക സന്ദർശനം നടത്തി.

### പ്രതിഷേധ കൂട്ടായ്മ

സന്യസ്തരെ അവഹേളിക്കുന്നതിനെതിരെ തിരുവനന്തപുരം, പത്തനംതിട്ട, മാവേലിക്കര രൂപതകളിൽ നടന്ന പ്രതിഷേധ കൂട്ടായ്മയിൽ ബഹു. മദറും സിസ്റ്റേഴ്സും സംബന്ധിച്ചു. മാവേലിക്കര രൂപതയിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മയിൽ സിസ്റ്റർ ആഗ്നറ്റ് സന്യസ്തരുടെ പ്രതിനിധിയായി പ്രതിഷേധം അറിയിച്ച് സംസാരിച്ചു.

### ആദരവു നൽകി

പത്തനംതിട്ട പ്രോവിൻസിന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി പ്രോവിൻസിലെ 75 വയസ്സും അതിനു മുകളിലും പ്രായമായ 20 സിസ്റ്റേഴ്സിനെ ആദരിക്കുന്ന ചടങ്ങ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മാർച്ച് 4-ാം തീയതി നടത്തി. അന്നേദിവസം രാവിലെ 6.30-ന് തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറീലോസ് പിതാവ് ദിവ്യബലി അർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ തോമസ് മാർ കൂറീലോസ് പിതാവും പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവും ഏതാനും വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യത്തിൽ സിസ്റ്റേഴ്സിനെ പൊന്നാട അണിയിച്ച് മെമന്റോ നൽകി ആദരിച്ചു.

### കബറടക്കം

ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ പൗവ്വത്തിൽ പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ മദറും സിസ്റ്റേഴ്സും സംബന്ധിച്ചു.

### അനുമോദനങ്ങൾ

റോമിൽ നിന്നും കാനൻ ലോയിൽ ഡോക്ടറേറ്റ് പൂർത്തിയാക്കി തിരിച്ചെത്തിയ സിസ്റ്റർ ജോയ്സ്, മംഗലാപുരത്തുനിന്നും ആയുർവ്വേദത്തിൽ ഡോക്ടറേറ്റ് എടുത്ത് വന്ന സിസ്റ്റർ സമർപ്പിത എന്നിവരെ പ്രൊവിൻഷ്യൽ ഹൗസിൽ കൂടിയ സിസ്റ്റേഴ്സിന്റെ ഒരു മീറ്റിംഗിൽ വച്ച് അനുമോദിച്ചു.

മാവേലിക്കര, പത്തനംതിട്ട രൂപതകളിൽനിന്നും പൗരോഹിത്യം സ്വീകരിച്ച 7 നവവൈദികർ പ്രൊവിൻഷ്യൽ ഹൗസിൽ എത്തി വിശുദ്ധ കുർബാന അർപ്പിക്കുകയും അവർക്ക് ആശംസകളർപ്പിച്ച് അനുമോദിക്കുകയും ചെയ്തു.

**അവാർഡ്**

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ $D_1$ ഇംഗ്ലീഷ് വിഭാഗത്തിലെ Best Student cash award-ന് സിസ്റ്റർ എയ്ഞ്ചൽ ജോസ് അർഹയായി.

**സെമിനാർ**

പ്രോ-ലൈഫുമായി ബന്ധപ്പെട്ട് മാവേലിക്കര രൂപതയിൽ നടന്ന അന്താരാഷ്ട്ര സെമിനാറിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.

പത്തനംതിട്ട ജില്ലാപഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് ശിശുക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ ലിംഗസമത്വം, ശൈശവവിവാഹം എന്നീ വിഷയങ്ങളെ ആസ്പദമാക്കി നടത്തപ്പെട്ട സെമിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

**ക്ലാസ്**

ഫെബ്രുവരി 4-ന് പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സിനഡാലിറ്റിയുമായി ബന്ധപ്പെട്ട ക്ലാസ് വന്ദ്യ മോൺ. ഷാജി തോമസ് മാണികുളം അച്ചൻ നയിച്ചു. 60 സിസ്റ്റേഴ്സ് ഇതിൽ സംബന്ധിച്ചു.

**മീറ്റിംഗുകൾ**

ഫെബ്രു. 2-ാം തീയതി ബഹു. മദർ ജനറലിന്റെ നേതൃത്വത്തിൽ വാളകം മഠത്തിൽ വെച്ചു നടത്തിയ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ മദർ തമീം, പ്രോവിൻസിലെ സുപ്പീരിയേഴ്സ് എന്നിവർ സംബന്ധിച്ചു.

പത്തനംതിട്ട പ്രോവിൻസിന്റെ രജത ജൂബിലി സമാപനവുമായി ബന്ധപ്പെട്ട് ഫെബ്രു. 4-ന് പ്രൊവിൻഷ്യൽ ഹൗസിൽ സമ്മേളിച്ച മീറ്റിംഗിൽ വിവിധ കമ്മിറ്റികൾക്ക് രൂപം നൽകുകയും കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു.

## Formation

നാലാഞ്ചിറ MTC-ൽ Postulancy പരിശീലനത്തിലായിരുന്ന ജിൻസി, ലുധിയ എന്നിവർ മാർച്ച് 14-ന് പ്രൊവിൻഷ്യൽ ഹൗസിൽ തിരിച്ചെത്തി.

നിത്യവ്രതവാഗ്ദാനത്തിനൊരുക്കമായ സെക്കന്റ് നൊവിഷ്യേറ്റ് പരിശീലനത്തിന് ജനറലേറ്റിൽ ആയിരുന്ന സിസ്റ്റർ ആൽഫി, സിസ്റ്റർ ഫൗസ്റ്റീന എന്നിവർ പരിശീലനം പൂർത്തിയാക്കി മാർച്ച് 15-ന് തിരികെ വന്നു.

ഒറീസായിൽ നിന്നുള്ള ഷീന, ശിവാനി എന്നിവർ അവിടെ +2 പരീക്ഷ കഴിഞ്ഞ് സിസ്റ്റർ ആൻ ജോസിനോടൊപ്പം മാർച്ച് 21-ന് ആദ്യമായി കേരളത്തിലേക്ക് വന്നു. ഇപ്പോൾ പ്രൊവിൻഷ്യൽ ഹൗസിൽ ആയിരിക്കുന്നു.

**വാർഷികാഘോഷം**

ചന്ദനപ്പള്ളി Rose Dale, നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം CBSE, ചെങ്ങന്നൂർ സെന്റ് ആൻസ്, സെന്റ് തോമസ് വകയാർ, ഇലന്തൂർ എന്നീ സ്ക്കൂളുകളുടെ വാർഷികാഘോഷത്തിൽ മദർ തമിം സംബന്ധിക്കുകയും ആശംസാപ്രസംഗം നടത്തുകയും ചെയ്തു.

വെണ്മണി സെന്റ് ജൂഡ് സ്ക്കൂളിന്റെ വാർഷികത്തിൽ സിസ്റ്റർ പുഷ്പ ആശംസകളർപ്പിച്ച് സംസാരിച്ചു.

മൗണ്ട് ബഥനി സ്ക്കൂളുകളിലും, രൂപതയുടെ സ്ക്കൂളുകളായ നന്നുവക്കാട് LPS, മഡോണ എന്നിവയുടെ വാർഷികാഘോഷത്തിലും സിസ്റ്റേഴ്സ് പങ്കെടുത്തു.

Change of Feast Day

Sr. Juliet (PTA) - February 16

# മൂവാറ്റുപുഴ പ്രോവിൻസ്

## കാനോനിക്കൽ വിസിറ്റ്

ബഹു. മദർ ജോസ്ന, കോയമ്പത്തൂർ മിഷൻ, പോത്താനിക്കാട് ബഥനി ശാലോം ഭവൻ, കുന്നക്കുരുടി ബഥനി സ്നേഹാലയം എന്നീ മഠങ്ങളിൽ കാനോനിക്കൽ വിസിറ്റ് നടത്തി.

## കൂദാശ കർമ്മം

കുന്നക്കുരുടി ബഥനി സ്നേഹാലയത്തിന്റെ നവീകരിച്ച മദ്ബഹായുടെ കൂദാശ കർമ്മം, മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തിയോഡോഷ്യസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു.

## ബൈബിൾ കൺവെൻഷൻ

മൂവാറ്റുപുഴ രൂപതയിൽ വച്ച് റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിച്ച മൂന്നു ദിവസത്തെ ബൈബിൾ കൺവെൻഷനിൽ സിസ്റ്റേഴ്സ് എല്ലാവരും സംബന്ധിച്ചു.

## സുപ്പീര്യേഴ്സ് മീറ്റിംങ്ങ്

ശതാബ്ദിയോടനുബന്ധിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും, തീരുമാനിക്കുന്നതിനുമായി തിരുവല്ല, മൂവാറ്റുപുഴ പ്രോവിൻസുകളിലെ സുപ്പീര്യേഴ്സിന്, ജനറൽ തലത്തിൽ നിന്നും മദർ ആർദ്രയുടെ അദ്ധ്യക്ഷതയിൽ ക്രമീകരിച്ച മീറ്റിംങ്ങിൽ മദർ ജോസ്നയും സിസ്റ്റേഴ്സും സംബന്ധിച്ചു.

## ജൂണിയേഴ്സ് കോഴ്സ്

ജനുവരി മാസത്തിൽ കീഴില്ലം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂനിയർ സിസ്റ്റേഴ്സിനായി മൂന്ന് ദിവസത്തെ കോഴ്സ് നടത്തപ്പെട്ടു. ക്ലാസ്, ഗെയിം, One day Picnic എന്നിവ ഉൾപ്പെടുത്തി ക്രമീകരിക്കപ്പെട്ട ജൂണിയേഴ്സ് കോഴ്സ് ഏറെ അനുഗ്രഹപ്രദമായിരുന്നു.

## ഫീസ്റ്റ് ആഘോഷം

ജനുവരി 26-ന് കോട്ടയം ജനറലേറ്റിൽ വച്ച് നടന്ന മദർ

ജനറൽ മദർ ആർദ്രയുടെ ഫീസ്റ്റാഘോഷത്തിൽ മദർ ജോസ്നയും സിസ്റ്റേഴ്സും സംബന്ധിക്കുകയും, കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ ഫീസ്റ്റ്, കീഴില്ലം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ആഘോഷിച്ചു.

## ജൂബിലി ആഘോഷം

സിസ്റ്റർ തേജസ്സിന്റെ ജൂബിലി ജർമ്മനിയിൽ Muhlacker പള്ളിയിലും, സിസ്റ്റർ ജെഫിന്റെ ജൂബിലി പൂനാ ദേഹുറോഡ് പള്ളിയിലും, സിസ്റ്റർ സ്മിതയുടെ ജൂബിലി ഇടവക പള്ളിയിലും ആഘോഷിച്ചു.

## Angels Meet

ഫെബ്രുവരി 12-ന് പിറവം ITC-യിൽ വച്ച്, പിറവം മേഖലയിലെ 10 പള്ളികളിലെ കുട്ടികളെ ഉൾപ്പെടുത്തി നടത്തിയ ക്യാമ്പ് അനുഗ്രഹപ്രദമായിരുന്നു. 70 കുട്ടികൾ പങ്കെടുത്തു.

## വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിങ്ങ്

ഫെബ്രുവരി 25, 26 തീയതികളിലായി തിരുവനന്തപുരത്ത് വച്ച് നടന്ന വൊക്കേഷൻ പ്രൊമോട്ടേഴ്സ് മീറ്റിംഗിൽ സി. നോയൽ, സി. ഷേബ എന്നിവർ സംബന്ധിച്ചു.

## മീറ്റിങ്ങുകൾ

കുന്നംകുളം, പിറവം മേഖലകളിൽ മതബോധനവുമായി ബന്ധപ്പെട്ട് ഷാജി വെട്ടിക്കാട്ടിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ മദർ ജോസ്നയും, സിസ്റ്റേഴ്സും സംബന്ധിച്ചു.

എറണാകുളത്തു വച്ച് നടന്ന ക്ഷേമ സ്ഥാപന മാനേജേഴ്സ് മീറ്റിംഗിൽ സി. ജോയൽ സംബന്ധിച്ചു.

## ജനറൽ അഡ്വൈസറി കൗൺസിൽ

കോട്ടയം ജനറലേറ്റിൽ വച്ച് നടന്ന ജനറൽ അഡ്വൈസറി കൗൺസിലിൽ മദർ ജോസ്ന, സി. റ്റോമിന, സി. ഈവാനിയ, സി. അനറ്റ്, സി. ഷേബ എന്നിവർ സംബന്ധിച്ചു.

**Mission, Formation & Vocation Meet**

കോട്ടയം ജനറലേറ്റിൽ വച്ച് നടന്ന Mission, Formation & Vocation മീറ്റിംഗിൽ മദറും, ബന്ധപ്പെട്ട സിസ്റ്റേഴ്സും പങ്കെടുത്തു.

**Gathering**

പിറവം, കുന്നംകുളം യൂണിറ്റടിസ്ഥാനത്തിൽ മദർ ജോസ്ന യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട Sisters' Gathering-ൽ സിസ്റ്റേഴ്സ് എല്ലാവരും സംബന്ധിച്ചു.

പൂനെ, കഡ്ക്കി രൂപതയിലെ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ഗാതറിംഗിൽ കാലേവാടി, ദേഹുറോഡ് മഠങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് പങ്കെടുത്തു.

## സ്കൂൾ വാർത്തകൾ

**കുന്നംകുളം BCGHS**

ലിവർ-ൽ ട്യൂമർ ആയിരുന്ന ഒരു കുട്ടിക്ക് രണ്ടരലക്ഷം രൂപ അഭ്യുദയകാംക്ഷികളിൽ നിന്നും ശേഖരിച്ചു നൽകി.

പത്താം ക്ലാസ്സിൽ നിന്നും പരീക്ഷ എഴുതിയ 260 കുട്ടികൾക്കു വേണ്ടി മഠം ചാപ്പലിൽ വി. കുർബാന ചൊല്ലിക്കുകയും, അഖണ്ഡ ജപമാല നടത്തുകയും ചെയ്തു.

സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന ഒരു കുട്ടിയുടെ കുടുംബത്തിന് എല്ലാ മാസവും സാമ്പത്തികസഹായം നൽകി വരുന്നു.

രൂപതാ തലത്തിൽ നടത്തിയ ടീച്ചേഴ്സ് ഗിൽഡിൽ ടീച്ചേഴ്സ് സംബന്ധിച്ച് കവിത, കഥ, Essay writing എന്നീ മത്സരങ്ങളിൽ പങ്കെടുത്ത് ഫസ്റ്റ്, സെക്കന്റ് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**കരിമ്പ സെന്റ് മേരീസ് സ്കൂൾ**

സ്കൂളിൽ ആനുവൽ സ്പോർട്സ് ഡേ നടത്തി.

കരിമ്പ സെന്റ് മേരീസ് സ്കൂളിന്റെ വാർഷികം ജനുവരി മാസം 27-ാം തീയതി നടന്നു. സംഗീത സംവിധായകൻ ശ്രീ. സണ്ണി സ്റ്റീഫൻ സാർ ഉദ്ഘാടനം ചെയ്യുകയും, മദർ പ്രൊവിൻഷ്യൽ മദർ

ജോസ്ന അധ്യക്ഷത വഹിക്കുകയും, കഴിഞ്ഞ വർഷം സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയ റിയ മാത്യു എഴുതിയ My Solitary Days എന്ന പുസ്തകം ബഹു. മദർ പ്രകാശനം ചെയ്യുകയും ചെയ്തു.

പത്താം ക്ലാസ്സിലെ കുട്ടികളുടെ CBSE Board Exam. 27-ാം തീയതി ആരംഭിച്ചു.

വനിതാദിനത്തോടനുബന്ധിച്ചു സ്കൂളിൽ ക്ലോത്ത് ബാങ്ക് ആരംഭിച്ച് ഔറംഗാബാദ് മിഷനിലേക്കു ആവശ്യമായ വസ്ത്രം ശേഖരിച്ചു.

## സെന്റ് ജോസഫ്സ് ബഥനി സ്കൂൾ ദേഹുറോഡ്

മദർ ജോസ്നയും എഡ്യുക്കേഷൻ ബോർഡ് അംഗങ്ങളും സ്കൂൾ സന്ദർശിച്ച് ഓഡിറ്റും ഇൻസ്പെക്ഷനും നടത്തി.

St. Josephs' day (Patron's day) വളരെ മനോഹരമായി ആഘോഷിച്ചു. വിശുദ്ധ യൗസേഫ് പിതാവിന്റെ വ്യക്തിത്വം നാനാജാതി മതസ്ഥരായ അധ്യാപകർക്കും, കുട്ടികൾക്കും കൂടുതൽ വ്യക്തമാക്കി കൊടുക്കാൻ വിവിധ കലാപരിപാടികളിലൂടെയും സ്കിറ്റിലൂടെയും സാധിച്ചു.

അധ്യാപകരിൽ നിന്നും കുട്ടികളിൽ നിന്നും ഉപയോഗയോഗ്യമായ സാധനങ്ങൾ ശേഖരിച്ച് കഡ്ക്കി രൂപതയിലെ സോഷ്യൽ വർക്ക് സെന്ററിനും, ഔറംഗാബാദ് മിഷൻ വില്ലേജുകൾക്കും വിതരണം ചെയ്തു.

# സന്ന്യാസ സമർപ്പണത്തിന്റെ മാധുര്യം

**സി. സ്മിത എസ്.ഐ.സി.**
(മൂവാറ്റുപുഴ പ്രൊവിൻസ്)

തന്റെ ജീവിതം ദൈവത്തിനും ദൈവജനത്തിനും വേണ്ടി പരിപൂർണ്ണമായി സമർപ്പിക്കുന്നതാണ് സന്ന്യാസ സമർപ്പണം. ഈ സമർപ്പണത്തിന്റെ ബലിവേദിയിൽ തനിക്കു ജന്മം നൽകിയ മാതാപിതാക്കളെയും, സഹോദരങ്ങളെയും, ബന്ധുമിത്രാദികളെയും വിട്ട് സ്വയം യാഗവേദിയിൽ അർപ്പിക്കുമ്പോൾ, ദൈവം ധാരാളമായ കൃപകൾകൊണ്ട് ഈ ധന്യജീവിതത്തെ അനുഗ്രഹിക്കുന്നു. ഇവിടെ നിലനിൽക്കുന്ന നഗരമില്ലെന്ന് ലോകത്തോട് പ്രഖ്യാപിക്കുന്ന സന്ന്യാസിമാർ ശക്തമായ സാക്ഷ്യമാണ്.

"സന്ന്യാസം ഒരു ദിവ്യവിളിയാണ്
സന്ന്യാസം ഒരു വെല്ലുവിളിയാണ്"

ലോകത്തുള്ള സകല ജനങ്ങളിൽ നിന്നും പ്രത്യേകം മാറ്റി നിർത്തപ്പെട്ടവരാണ് സന്യസ്തർ. ദൈവത്തിന്റെ പ്രത്യേകമായ നോട്ടവും, ശ്രദ്ധയും, ഇഷ്ടവും സ്വന്തമാക്കിയവരാണ് ഇവർ. ദൈവത്തിന്റെ ഈ പ്രത്യേകമായ സ്നേഹവും, ഇഷ്ടവും മനസിലാക്കി കൊണ്ട് ജീവിക്കുമ്പോൾ മാത്രമേ സന്യാസസമർപ്പണത്തിന്റെ മാധുര്യം നമുക്കും, നമ്മൾ പ്രവർത്തിക്കുന്ന മേഖലകളിലും അനുഭവവേദ്യമാകുകയുള്ളൂ. ഈ സമർപ്പണത്തിന്റെ കാതൽ ഉപേക്ഷയിലാണ് അടങ്ങിയിരിക്കുന്നത്. സമർപ്പണ ജീവിതത്തിന്റെ കാന്തിക വലയത്തിലേക്ക് ധീരതയോടെ പ്രവേശിക്കുകയും, ജീവിക്കുകയും ചെയ്യുമ്പോൾ ഈ ഉപേക്ഷ എളുപ്പമാവുകയും, സമർപ്പണ ജീവിതം സന്തോഷം നിറഞ്ഞതാകുകയും ചെയ്യുന്നു. ദൈവാത്മാവിന്റെ ദൈവസ്നേഹത്തിൽ ആകൃഷ്ടയായ വ്യക്തിക്ക് മാത്രമേ തന്റെ ജീവിതത്തിന്റെ സന്തോഷം, മാധുര്യം ഇവ അനുഭവിക്കാനും അത് മറ്റുള്ളവരിലേക്ക് പ്രസരിപ്പിക്കാനും സാധിക്കുകയുള്ളൂ.

ദൈവത്തോടും കാണപ്പെട്ട ദൈവങ്ങളോടും, ഗുരുക്കന്മാരോടും, അധികാരികളോടും, സഭയോടും, സമൂഹത്തോടും, സഹോദരങ്ങളോടും തന്നോട് തന്നെയും നീതിബോധത്തോടെയും സത്യസന്ധതയോടെയും ജീവിച്ചാൽ ജീവിതം മാധുര്യമാണ്. ദൈവം എനിക്ക് ദാനമായി തന്ന ഈ ജീവിതം, തനിക്കു ന്യായമായി അനുഭവിക്കാവുന്ന സമ്പത്തുക്കൾ യേശുവിനെപ്രതി പൂർണ്ണമായി ഉപേക്ഷിച്ച്, ഹോമയാഗം പോലെ ദുഷ്കരമായ ഈ കൃത്യം സുസാധ്യമാക്കിത്തീർക്കാൻ സാധിക്കണമെങ്കിൽ ദൈവസ്നേഹമാകുന്ന കാന്തികവലയത്തിലായിരിക്കണം. ആത്മാവിനു ജീവൻ നൽകുന്ന ത്യാഗമാണിത്.

സന്യാസം കാലാതീതമായ ഒരു സനാതന മൂല്യവും, ദൈവത്തിന്റെ സന്നിധാനത്തിലേക്കുള്ള ക്ഷണവുമാണ്. ഏറ്റവും ഉന്നതമായ വിളിയും ജീവിതവുമാണ് സമർപ്പണ ജീവിതം. പ്രവാചക തീക്ഷ്ണതയോടെ തിന്മകൾക്കെതിരെ പോരാടേണ്ടവരാണ് സന്യസ്തർ. സ്നാപക യോഹന്നാനെപ്പോലെ ശിരസ്സ് നഷ്ടപ്പെട്ടാലും സുരക്ഷിതത്വത്തിന്റെ ചിതൽ പുറ്റിലൊളിക്കാതെ നീതിക്കുവേണ്ടി മറ്റുള്ളവരുടെ ജീവനുവേണ്ടി, നന്മക്കുവേണ്ടി ദ്വന്ദ്വയുദ്ധം നടത്തി, രക്തസാക്ഷിത്വം വരിക്കേണ്ടവരാണ് സന്യസ്തർ. ഇവിടെയാണ് സന്യാസ സമർപ്പണത്തിന്റെ മാധുര്യം അനുഭവവേദ്യമാകുന്നത്. ആധുനിക ലോകത്തിന്റെ മുഖം വികൃതമാക്കുന്ന എല്ലാ പ്രവണതകളും തുടച്ചുനീക്കേണ്ടവരാണ് സന്യാസം വരിച്ചവർ. യേശു തന്റെ ജീവൻ, നമ്മുടെയെല്ലാം രക്ഷക്കുവേണ്ടി പിതാവായ ദൈവത്തിനു സ്വയം സമർപ്പിച്ചതുപോലെ നിരന്തരം ലോകത്തിനു വേണ്ടി, ലോകജനത്തിനു വേണ്ടി പരിത്യാഗത്തിന്റെ പാത പുൽകികൊണ്ട് യഥാർത്ഥ ക്രിസ്തു ശിഷ്യയായി സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും മനോഹര ഭാവങ്ങൾ പൂത്തുലയുന്ന ആദർശ ലോകം കെട്ടിപ്പടുത്തുകൊണ്ട് ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന ഭാരതീയാചാര്യ സൂക്തം ജീവിത മാതൃകയാക്കി സമർപ്പണ ജീവിതത്തിന്റെ സന്തോഷം അനേകായിരങ്ങളിലേക്കു പ്രസരിപ്പിക്കുവാൻ സാധിക്കട്ടെ എന്നതാകണം സമർപ്പിതരുടെ ചിന്ത.

"സ്നേഹത്തേക്കാൾ ആകർഷണ ശക്തിയുള്ള കാന്തമില്ല" (ഗ്ളെൻകാർക്ക്) വ്യക്തി ജീവിതത്തിൽ, സമുദായങ്ങളിൽ, രാഷ്ട്ര ങ്ങളിൽ സ്നേഹം പൊട്ടി വിരിയുമ്പോൾ ജീവിതം സുന്ദരമാകും. വിഭാഗീയ ചിന്തകളുടെ പിരിമുറുക്കത്തിൽ വർഗീയ ചിന്തകളും അന്തച്ഛിദ്രങ്ങളും കൊടികുത്തിവാഴുന്ന ആധുനിക ലോകത്തിൽ 'പൂവിൽ മധു പോലെ, മധുവിൽ മാധുര്യം' പോലെ കളങ്കമറ്റ അകൃത്രിമ സ്നേഹത്തിന്റെയും സേവനത്തിന്റെയും നക്ഷത്രദീപ ങ്ങളായി സഹജർക്കു വെളിച്ചമേകാൻ സമർപ്പണ ജീവിതം നയി ക്കുന്നവർക്ക് സാധിച്ചാൽ മാത്രമേ ഈ സ്വർഗീയ ജീവിതത്തിന്റെ അർഥം മനസ്സിലാകൂ....സഞ്ചരിക്കുന്ന ശബ്ദകോശം എന്ന് വിശേഷിപ്പിക്കുന്ന മഹാകവി ഉള്ളൂർ പ്രേമസംഗീതത്തിൽ പാടിയിരിക്കുന്നത് ചിന്താമധുരമാണ്.

"മനവും മിഴിയും നാവും കരയും
മണ്ണിൽ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും
മാനുഷർ ദേവന്മാർ"

അതെ, നമ്മുടെ ഉള്ളും ഉള്ളായ്മയും സഹജീവികളുടെ ഉന്നമനത്തിനായി ഉഴിഞ്ഞുവയ്ക്കാൻ സാധിച്ചാൽ നാം ധന്യരായി. ഈ ധന്യത സ്വന്തം ജീവിതത്തിൽ അനുഭവിച്ച് സ്വാർത്ഥതയുടെ പുറംകുപ്പായം ഊരിമാറ്റി പരമാർത്ഥതയുടെ കനകകഞ്ചുകം അണിഞ്ഞ്, അങ്ങനെ മാനവരാശിയുടെ ജീവിതവല്ലരിയിൽ സൗഹൃദസൂനങ്ങൾ വിരിയിച്ച് ലോകമെമ്പാടും സുവിശേഷമേകി യും, ജീവിച്ചും അതുവഴി ദൈവസ്നേഹത്തിന്റെ കാന്തികവലയ ത്തിൽ ആയിരിക്കാനും, സമർപ്പണ ജീവിതത്തിന്റെ മാധുര്യം അനുഭവിക്കാനും, ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും എല്ലാവർക്കും സാധിക്കട്ടെ. ഇതാണ് സമർപ്പണ ജീവിതത്തിന്റെ മാധുര്യം.

# സിസ്റ്റർ തെരസിറ്റ എസ്.ഐ.സി.

**നിങ്ങൾക്ക് പരസ്പരസ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന്, അതു മൂലം എല്ലാവരും അറിയും.**

കണ്ടുമുട്ടുന്ന എല്ലാവരിലും സ്നേഹത്തിന്റെ സ്വാന്തനം പകർന്ന് സന്ന്യാസജീവിതത്തിന്റെ സന്തോഷം അനുഭവിച്ച് നിത്യസമ്മാനത്തിന് യാത്രയായിരിക്കുന്ന പ്രിയപ്പെട്ട സിസ്റ്റർ തെരസിറ്റയുടെ സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു!!!

83 വർഷത്തെ അനുഗ്രഹപ്രദമായ ജീവിതം. 62 വർഷം സന്ന്യാസ സമർപ്പണത്തിലൂടെ നമുക്ക് നല്ല ജീവിതസാക്ഷ്യത്തിലൂടെ നല്ല പ്രചോദനം നല്കി നിത്യതയിലേക്ക് യാത്രയായിരിക്കുന്ന പ്രിയപ്പെട്ട സിസ്റ്റർ തെരസിറ്റയുടെ അനുഗ്രഹകരമായ ജീവിതത്തെ നമുക്ക് അനുസ്മരിക്കാം.

മല്ലപ്പള്ളി ആനിക്കാട് വാളക്കുഴിയിൽ വീട്ടിൽ പരേതരായ ശ്രീമാൻ വി. ഒ. മാത്തന്റെയും ശ്രീമതി അന്നമ്മയുടെയും 7 മക്കളിൽ അഞ്ചാമത്തെ മകളായി 1939 ജൂൺ 29-ന് സിസ്റ്റർ തെരസിറ്റ ജനിച്ചു. ആനിക്കാട് ബെത്‌ലഹേം കത്തോലിക്കാപള്ളിയിൽവച്ച് മാമോദീസായും മൂറോനഭിഷേകവും ത്രേസ്യാ എന്ന മാമോദീസാനാമവും സ്വീകരിച്ചു.

തിരുവല്ലാ അതിരൂപതയുടെ ദ്വിതീയ മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് പിതാവിന്റെ സഹോദര പുത്രിയാണ് സിസ്റ്റർ തെരസിറ്റ. സിസ്റ്റർ ഇസബല്ലാ, സിസ്റ്റർ ജോസറ്റാ (ബത്തേരി) എന്നിവർ സിസ്റ്ററിന്റെ കുടുംബാംഗങ്ങളാണ്.

ആനിക്കാട്, പാതിക്കാടു എൽ.പി.സ്ക്കൂളിലും സെന്റ് മേരീസ് ഹൈസ്ക്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി സിസ്റ്റർ 1958 ഫെബ്രുവരി 22-ന് തിരുമൂലപുരം ബഥനി മഠത്തിൽ അർഥിനിയായി ചേർന്നു. സിസ്റ്റർ ആൻ, സിസ്റ്റർ ലീമാ, സിസ്റ്റർ

മോനിക്ക എന്നിവരുടെ ശിക്ഷണത്തിൽ ആസ്പിരൻസി, പോസ്റ്റിലൻസി നോവിഷ്യേറ്റു പരിശീലനം പൂർത്തിയാക്കി, 1961 മെയ് 8-ന് ആദ്യവ്രതവാഗ്ദാനം നടത്തി, സിസ്റ്റർ തെരസിറ്റ എന്ന സന്ന്യാസ നാമം സ്വീകരിച്ചു. 1967 ഏപ്രിൽ 25-ന് നിത്യവ്രത വാഗ്ദാനം നടത്തി ദൈവത്തിനും ദൈവജനത്തിനുമായി തന്നെ ത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചു.

കൊട്ടിയം ഹോളി ക്രോസ് നേഴ്സിംഗ് സ്ക്കൂളിൽ നിന്ന് ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്വൈഫറിയും, പഞ്ചാബ്, ചാണ്ഡിഗർ മെഡിക്കൽ കോളേജിൽനിന്ന് പിഡിയാട്രിക്ക് നേഴ്സിംഗിൽ പോസ്റ്റ്ഗ്രാജുവേഷനും ഡൽഹിയിൽനിന്ന് വാർഡ് സിസ്റ്റർ കോഴ്സും പൂർത്തിയാക്കി. 1965 മുതൽ 1983 വരെയും 2000 മുതൽ 2014 വരെയും പുഷ്പഗിരി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ രണ്ടു ഘട്ടങ്ങളിലായി 32 വർഷവും 1983 മുതൽ 2000 വരെ ജർമ്മനിയിൽ 17 വർഷവും അർപ്പണമനോഭാവത്തോടെ അനേകർക്ക് ആശ്വാസത്തിന്റെ പ്രഭ വിതറികൊണ്ട് ആതുരശുശ്രൂഷ നിർവഹിച്ചു. പുഷ്പഗിരിയിൽ ഓപ്പറേഷൻ തീയേറ്റർ ഇൻചാർജായി സേവനം അനുഷ്ഠിച്ചിരുന്ന കാലത്തും, മണിക്കൂറുകൾ നീളുന്ന ഉത്തരവാദിത്വപൂർണമായ ജോലികൾക്കുശേഷം എത്ര ക്ഷീണിത യാണെങ്കിലും തന്റെ രോഗികളെ ഐ.സി.യുവിൽ പോയി അവരുടെ ക്ഷേമവിവരം അന്വേഷിക്കാതെ സിസ്റ്റർ മഠത്തിലേക്കു മടങ്ങി ല്ലെന്നു മാത്രമല്ല അവരുടെ ബന്ധുമിത്രാദികളെ കണ്ട് ആശ്വാസം പകരുന്നതിനും സിസ്റ്റർ ശ്രദ്ധിച്ചിരുന്നു. **"ആ സിസ്റ്റർ ഒരു മാലാഖ യാണെന്ന് രോഗികളുടെ സാക്ഷ്യം പല സാഹചര്യങ്ങളിൽ കേൾക്കാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്"** എപ്പോഴും സുസ്മേരവദനയായി ഓടിനടന്ന് ആർക്കും നന്മ ചെയ്യാൻ സിസ്റ്റർ സദാസന്നദ്ധയായി രുന്നു. സ്വന്തക്കാരെന്നൊ പരിചയക്കാരെന്നൊ ഡ്യൂട്ടി സമയമെന്നൊ എന്നുള്ള പരിധികളൊന്നും സിസ്റ്ററിനില്ലായിരുന്നു. ആവശ്യക്കാ രുടെ മുമ്പിൽ സിസ്റ്ററിന്റെ പ്രായവും സമയവും ക്ഷീണവുമെല്ലാം സിസ്റ്റർ മറക്കും. ദൈവം നല്കിയ ആരോഗ്യവും സമയവും അറിവും എല്ലാം ദൈവശുശ്രൂഷക്കായി സമ്പൂർണമായി സമർപ്പി ക്കുവാൻ സാധിച്ചത് നന്ദിയോടും അഭിമാനത്തോടും അനുസ്മരി ക്കുന്നു.

അഭിവന്ദ്യ പിതാക്കന്മാരോടും വൈദീകരോടുമുള്ള സ്നേഹ ബഹുമാനങ്ങൾ എന്നും സിസ്റ്ററിന്റെ ശുശ്രൂഷാരംഗത്തും ജീവിതത്തിലും പ്രകടമായിരുന്നു. ഹൃദയ നൈർമല്യവും ജീവിതലാളിത്യവും ഒരുപോലെ സിസ്റ്റർ കാത്തുസൂക്ഷിച്ചിരുന്നു. പ്രാർഥനകൾക്കും മറ്റു കൂട്ടക്രമങ്ങൾക്കും നിഷ്ഠയോടെ സംബന്ധിക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തിയിരുന്നത് ഞങ്ങൾക്കെന്നും മാതൃകയും പ്രചോദനവുമാണ്. സഹോദരങ്ങളെ സ്വന്തമായി കരുതുകയും സ്നേഹിക്കുകയും അവർക്കുവേണ്ടി എന്തു ത്യാഗവും ചെയ്യുവാനും സിസ്റ്റർ സദാസന്നദ്ധയായിരുന്നു. പാർക്കിൻസൺസ് രോഗത്തിന്റെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നപ്പോഴും ശയ്യാവലംബയാകുന്നതുവരെ ഒരു ചെറിയ ശുശ്രൂഷയെങ്കിലും സഹോദരങ്ങൾക്കായി ചെയ്യുവാൻ പരിശ്രമിച്ചിരുന്ന സിസ്റ്റർ തെരസിറ്റായുടെ ഹൃദയവിശാലതയും രക്തത്തിൽ അലിഞ്ഞുചേർന്നിരുന്ന ശുശ്രൂഷാ മനോഭാവവും അത്ഭുതത്തോടെ മാത്രമേ നോക്കികാണാൻ സാധിക്കുകയുള്ളു.

2010-ൽ തന്റെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ച സിസ്റ്റർ, 2014-ൽ അനാരോഗ്യംമൂലം പുഷ്പഗിരിയിലെ സേവനത്തിൽ നിന്നും വിരമിച്ചു. 2015-ൽ ഒരു വീഴ്ചയെ തുടർന്ന് തുടയെല്ല് ഒടിഞ്ഞ് ഓപ്പറേഷനും വിധേയയായി, താമസിയാതെ സുഖം പ്രാപിച്ചു. 2017-ൽ KCBC Pro-life Movement-ന്റെ നേതൃത്വത്തിൽ സിസ്റ്ററിന്റെ കാരുണ്യപൂർവമായ സേവനങ്ങൾ പരിഗണിച്ച് ശാന്തിനിലയത്തിൽവച്ചു പ്രത്യേകം ആദരിക്കുകയുണ്ടായി. 2018-ൽ വീണ്ടും ഹിപ്പ് ജോയിന്റിന്റെ ഒരു ഓപ്പറേഷനു വിധേയയാകേണ്ടി വന്നു. 2018 ജൂലൈ 3-ന് ബഹു. സൈമൺ പുളിയൻകീഴ് അച്ചനിൽ നിന്ന് സിസ്റ്റർ രോഗിലേപനം സ്വീകരിച്ചു.

2023, ജനുവരി ആദ്യം സിസ്റ്റർ തീർത്തും കിടപ്പിലായി. ഫെബ്രുവരി 3-ന് ശക്തമായ പനിമൂലം സിസ്റ്ററിനെ പുഷ്പഗിരിയിൽ അഡ്മിറ്റുചെയ്തു. അന്നുതന്നെ തിരുവല്ല അതിരൂപതാ വികാർ ജനറാൾ മോൺ. ഐസക് പറപ്പള്ളിൽ അച്ചൻ, കുടുംബാംഗങ്ങളുടെയും മദർ പ്രൊവിൻഷ്യലിന്റെയും സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യത്തിൽ സിസ്റ്ററിന് രോഗിലേപനം നല്കി. 2023 ഫെബ്രു. 6 തിങ്കൾ സിസ്റ്ററിന്റെ നില അതീവ ഗുരുതരമായി. വിവരമറിഞ്ഞ്

അഭിവന്ദ്യ കൂറിലോസ് പിതാവ് വന്ന് പ്രാർത്ഥിച്ച് കൂടെ ആയിരുന്നു. വൈദീകർ, മദർ പ്രൊവിൻഷ്യൽ, സിസ്റ്റേഴ്സ്, കുടുംബാംഗങ്ങൾ, സ്നേഹിതർ തുടങ്ങിയ എല്ലാവരുടെയും പ്രാർഥനാപൂർവമായ സാന്നിദ്ധ്യം അഭിവന്ദ്യ പിതാവിന്റെ അന്തിമ ആശീർവാദം സ്വീകരിച്ചുകൊണ്ട്, ഉച്ചകഴിഞ്ഞ് 3 മണിക്ക്, ആ സ്നേഹദീപം തന്റെ നാഥന്റെ പക്കലേക്ക് യാത്രയായി. യേശുതമ്പുരാൻ പിതാവെ, അങ്ങെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു എന്നു പറഞ്ഞ് ജീവൻ വെടിഞ്ഞ ആ സമയം തന്നെ സിസ്റ്ററിനും ദൈവപിതാവിന്റെ സന്നിധിയിലേക്ക് യാത്രയാകാൻ സാധിച്ചത് വലിയ ഭാഗ്യമായി നമുക്ക് കരുതാം. വിശ്രമജീവിതകാലത്ത് കരുണ യുടെ തിരുമണിക്കൂർ ഏറെ ഭക്തിയോടെ സിസ്റ്റർ പ്രാർഥിക്കുന്ന തിൽ മുടക്കം വരുത്തിയിരുന്നില്ല എന്ന സിസ്റ്റേഴ്സിന്റെ സാക്ഷ്യം എടുത്തു പറയുന്നതിന് ഏറ്റം സന്തോഷമുണ്ട്.

ജീവിതത്തിന്റെ നീണ്ട വർഷക്കാലം സഭയ്ക്കും സമൂഹത്തി നും പകർന്നു നല്കിയ നന്മകൾ ബഥനി സ്നേഹപൂർവം സ്മരി ക്കുന്നു. കർത്താവ് നല്കിയ ഒരു ജീവിതം സഫലമാക്കിയ ഞങ്ങ ളുടെ പ്രിയപ്പെട്ട സിസ്റ്റർ തെരസിറ്റ, സമാധാനത്തോടെ വസിച്ചാലും. നിത്യതയിൽ സ്വർഗീയമണവാളൻ മഹത്വത്തിന്റെ കിരീടം സിസ്റ്ററിനെ അണിയിക്കട്ടെ. സഹോദരിമാരുടെ പ്രാർഥനാപൂർവ കമായ ആദരാഞ്ജലികൾ.

# സിസ്റ്റർ മാർഗരറ്റ് എസ്.ഐ.സി.

**ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും.**

75 വർഷത്തെ അനുഗ്രഹപ്രദമായ സന്ന്യാസ സമർപ്പണ ജീവിതത്തിലൂടെ ഈ വചനം, അന്വർത്ഥമാക്കികൊണ്ട് നമുക്ക് നല്ല ജീവിതസാക്ഷ്യം നല്കി നിത്യതയിലേക്ക് യാത്രയായ പ്രിയപ്പെട്ട സിസ്റ്റർ മാർഗരറ്റിന്റെ സ്മരണക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു!!!

വാഴക്കുളം, നെടുങ്ങാട്ടുവീട്ടിൽ പരേതരായ ശ്രീമാൻ ഉലഹന്നാന്റെയും ശ്രീമതി ബ്രിജിറ്റിന്റെയും 7 മക്കളിൽ അഞ്ചാമത്തെ മകളായി 1925 സെപ്റ്റംബർ 21-ന് സിസ്റ്റർ മാർഗരറ്റ് ജനിച്ചു. വാഴക്കുളം സെന്റ് ജോർജ് കത്തോലിക്കാ പള്ളിയിൽ വച്ച് മാമോദീസായും മൂറോനഭിഷേകവും ത്രേസ്യാമ്മ എന്ന മാമോദീസാനാമവും സ്വീകരിച്ചു.

വൈദീക, സന്ന്യാസ ദൈവവിളികൾകൊണ്ട് സമ്പന്നമാണ് സിസ്റ്ററിന്റെ കുടുംബം. സിസ്റ്ററിന്റെ ഒരു സഹോദരൻ ബ്രദർ വറുഗീസ് ജസ്യൂറ്റ് സഭാംഗവും, തിരുവല്ല അതിരൂപതാ മുൻ വികാരി ജനറാൾ വന്ദ്യ മോൺ. മാത്യു നെടുങ്ങാട്ട് സിസ്റ്ററിന്റെ പിതൃ സഹോദര പുത്രനും സിസ്റ്റർ കാതറൈൻ പിതൃസഹോദര പുത്രിയും ആയിരുന്നു. കോതമംഗലം രൂപതാ വൈദീകരായ റവ. ഫാദർ വിൻസന്റ് നെടുങ്ങാട്ടും റവ. ഫാദർ തോമസ് ചെറുപറമ്പിലും വിൻസൻഷ്യൻ സഭാംഗമായ റവ. ഫാദർ ഫ്രാൻസിസ് ചെറുപറമ്പിലും സിസ്റ്ററിന്റെ സഹോദരങ്ങളുടെ മക്കളും റവ. ഫാദർ ജോർജ് നെടുങ്ങാട്ടും റവ. ഫാദർ ജോസ് കുളത്തൂരും, കൊച്ചുമക്കളുമാണ്. സിസ്റ്റർ പ്രേഷിത എസ്.ഐ.സി., സി. എൽസി എന്നിവർ സിസ്റ്ററിന്റെ കുടുംബാംഗങ്ങളുമാണ്.

വാഴക്കുളം സെന്റ് ത്രേസ്യാസ് സ്ക്കൂൾ, ആരക്കുഴ മലയാളം ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം

പൂർത്തിയാക്കി, തയ്യൽ പഠനത്തിനും ശേഷം 1945 ആഗസ്റ്റ് 1-ന് തിരുമൂലപുരം ബഥനി മഠത്തിൽ അർഥിനിയായി ചേർന്നു. സിസ്റ്റർ മക്രീന, മദർ ത്രിസൂസ് എന്നിവരുടെ ശിക്ഷണത്തിൽ പോസ്റ്റിലൻസിയും നോവിഷ്യേറ്റു പരിശീലനവും പൂർത്തിയാക്കി, 1948 മെയ് 7-ന് ആദ്യവ്രതവാഗ്ദാനം നടത്തി സിസ്റ്റർ മാർഗരറ്റ് എന്ന സന്ന്യാസ നാമം സ്വീകരിച്ച് ദൈവത്തിനും ദൈവജനത്തിനുമായി തന്നെത്തന്നെ സമർപ്പിച്ചു.

വിദ്യാഭ്യാസ മേഖലയിലായിരുന്നു സിസ്റ്ററിന്റെ പ്രഥമ ശുശ്രൂഷാരംഗം. തിരുമൂലവിലാസം യു. പി. സ്ക്കൂൾ, പിറവം എൽ. പി. സ്ക്കൂൾ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ച് 1981-ൽ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചു. കൂടാതെ വെണ്ണിക്കുളം, കുമളി, ഗിരിദീപം ബോർഡിംഗ്, പീച്ചി എന്നീ മഠങ്ങളിൽ സുപ്പീരിയറായും കുന്നംകുളം, വളകോട്, ചക്കുപള്ളം, വെച്ചുച്ചിറ, ചെങ്ങരൂർ തുടങ്ങിയ മഠങ്ങളിൽ അംഗമായിരുന്നുകൊണ്ട് അനുഗ്രഹകരമായ ശുശ്രൂഷകൾ നിർവഹിച്ചു. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് ഇതു നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നതെന്ന കർതൃവചനം അസാധാരണമായ അർപ്പണമനോഭാവത്തോടെ ഏറ്റെടുത്ത് ജീവിതം നയിച്ചു എന്നത് ഞങ്ങൾക്ക് എന്നും മാതൃകയാണ്. വിശ്വാസ പരിശീലനരംഗത്ത് 30 വർഷത്തോളം ശുശ്രൂഷ നിർവഹിക്കാൻ സിസ്റ്ററിന് സാധിച്ചത് വലിയ ഒരു ദൈവാനുഗ്രഹമായി ഞങ്ങൾ കാണുന്നു.

സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന അനേകം കുടുംബങ്ങൾക്ക് കൈത്താങ്ങാകുവാൻ സിസ്റ്ററിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽകൂടെ സാധിച്ചു. പീച്ചി ബുക്ക് ബൈൻഡിംഗ് സെന്റർ, വെണ്ണിക്കുളത്തും തിരുമൂലപുരത്തും മഠങ്ങളോടനുബന്ധിച്ചു നടത്തിവന്ന തയ്യൽ പരിശീലനകേന്ദ്രങ്ങൾ ഇവ ഇതിന് ഉദാഹരണങ്ങളാണ്.

വിശുദ്ധ കുർബാനക്കുള്ള കാപ്പ, പിതാക്കന്മാർക്കുള്ള മസ്നപ്സാ തുടങ്ങിയ വിശുദ്ധ വസ്ത്രങ്ങളും പള്ളിവിരികളും മനോഹരമായി തയ്ക്കുന്നത് ഒരു തപസ്യയായി സിസ്റ്റർ കരുതിയിരുന്നു.

സിസ്റ്റർ ഒരു പ്രകൃതി സ്നേഹികൂടിയായിരുന്നു. കൃഷിയുടെ ചുമതല വഹിക്കാൻ സിസ്റ്ററിന് എന്നും ഉത്സാഹമായിരുന്നു. ഭൂമി തരിശാക്കി ഇടാതെ ഫലഭൂയിഷ്ഠമാക്കി പച്ചക്കറികളും മറ്റു കൃഷി വിഭവങ്ങളും ഉണ്ടാക്കുന്നതിനും, പക്ഷിമൃഗാദികളുടെ വളർത്ത ലിനു നേതൃത്വം വഹിച്ചുകൊണ്ട് ഐശ്വര്യമുള്ള ഒരു ഭവനാന്തരീ ക്ഷം ഒരുക്കുന്നതിനും സിസ്റ്റർ ആയിരുന്ന ഭവനങ്ങളിലൊക്കെ ശ്രദ്ധിച്ചിരുന്നു.

ലളിത ജീവിതത്തെ സ്നേഹിച്ചിരുന്ന സിസ്റ്റർ സംതൃപ്ത മന സ്ഥിതിക്ക് ഉടമയായിരുന്നു. പ്രോവിൻസിന്റെ ആരംഭകാലഘട്ട ത്തിൽ ഏറെ ക്ലേശങ്ങളും സാമ്പത്തിക പ്രതിസന്ധികളുമൊക്കെ നേരിട്ടപ്പോഴും വലിയ ആത്മസമർപ്പണത്തോടെയും സന്തോഷ ത്തോടെയും ആയിരിക്കുവാൻ സിസ്റ്ററിനു സാധിച്ചു എന്നത് എടുത്തു പറയാൻ ആഗ്രഹിക്കുന്നു. രോഗകിടക്കയിൽ ആയിരുന്ന പ്പോഴും സിസ്റ്ററെ, സുഖമാണോ എന്നു ചോദിക്കുമ്പോൾ എനിക്കി വിടെ പരമാനന്ദമാണ് എന്നെ ഇവിടെ സിസ്റ്റേഴ്സ് പൊന്നുപോലെ നോക്കുന്നു എന്ന സംതൃപ്ത മനസ്സിൽ നിന്നും ലഭിച്ചിരുന്ന മറുപടി ഏറെ ഹൃദയാവർജകമായിരുന്നു.

അധികാരികളോടുള്ള തികഞ്ഞ വിധേയത്വവും, പ്രാർഥനയും ജോലികളും ഒരുമിച്ചുകൊണ്ടു പോകുന്നതിലുള്ള സമർപ്പണവും, ഞങ്ങൾക്ക് എന്നും മാതൃകയാണ്. ആത്മീയകാര്യങ്ങളോട് ഒരു കോംപ്രമൈസിനും സിസ്റ്ററിന് ഒരുക്കമല്ലായിരുന്നു. രോഗവും അസ്വസ്ഥതകളൊന്നും സിസ്റ്ററിന്റെ പ്രാർഥനാജീവിതത്തെ തടസ പ്പെടുത്തിയിരുന്നില്ല.

സമൂഹജീവിതത്തെ സിസ്റ്റർ സ്നേഹിച്ചിരുന്നു. കൂട്ടക്രമങ്ങ ളിൽനിന്ന് സിസ്റ്റർ ഒഴിവ് എടുത്തിരുന്നില്ല. തിരുവല്ല പ്രോവിൻ സിന്റെ ആദ്യഅംഗവും സ്നേഹനിധിയുമായിരുന്ന മദർ ഹൂബാ യുടെ അന്ത്യനാളുകളിൽ ദീർഘകാലം മദറിനെ ശുശ്രൂഷിച്ചത് ഇളംതലമുറക്കാരായ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

തിരുമൂലപുരം മഠത്തിൽ 2010 മുതൽ വിശ്രമജീവിതം നയിച്ചു വന്ന സിസ്റ്റർ, ഒരു വീഴ്ചയെ തുടർന്ന് 2017-ൽ ഒരു ഓപ്പറേഷന് വിധേയയായി. തുടർന്നുള്ള ചികിത്സയ്ക്കും വിശ്രമത്തിനുമായി

സിസ്റ്ററിനെ ബഥാന്യയിലേക്കു മാറ്റി. 2022 അവസാനത്തോടെ സിസ്റ്ററിന്റെ ആരോഗ്യനില മോശമായിക്കൊണ്ടിരുന്നു. പുഷ്പഗിരി മെഡിക്കൽ കോളേജിൽനിന്നും ബഹു. മാത്യു പുത്തൻപുരയ്ക്കൽ അച്ചൻ ഡിസം. 13-ന് ബഹുമാനപ്പെട്ട മദർ പ്രൊവിൻഷ്യലിന്റെയും ധാരാളം സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യത്തിൽ സിസ്റ്ററിന് തൈലാഭിഷേകം നല്കി. ബഹു. മദർ ജനറലും കൗൺസിലേഴ്സും വന്ന് പ്രാർഥിച്ചു. കൂടാതെ, സിസ്റ്ററിന്റെ കുടുംബാംഗങ്ങൾ വന്ന് സിസ്റ്ററിനെ സന്ദർശിച്ചു കൊണ്ടിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ആരോഗ്യനില അല്പം മെച്ചപ്പെട്ടെങ്കിലും പിന്നീട് തീർത്തും മോശ മായിക്കൊണ്ടിരുന്നു. ഈ ദിവസങ്ങളിൽ മദർ പ്രൊവിൻഷ്യലും സിസ്റ്റേഴ്സും പ്രാർഥനയോടെ സിസ്റ്ററിനോടൊപ്പമുണ്ടായിരുന്നു. ജനുവരി 29-ന് സിസ്റ്ററിന്റെ നില തീർത്തും ഗുരുതരമായി. 30-ാം തീയതി വെളുപ്പിന്, കർതൃസന്നിധിയിലേക്ക് പോകുകയാണെന്ന് മനസ്സിലായി ബഥനി ആശ്രമത്തിൽ നിന്നും ബഹു. മൈക്കിൾ ഒ.ഐ.സി. അച്ചൻ വന്ന് പ്രാർഥിച്ച് അന്തിമ ആശീർവാദം നല്കി. സിസ്റ്റേഴ്സ് എല്ലാവരും പ്രാർഥിച്ചുകൊണ്ടിരുന്നപ്പോൾ സിസ്റ്ററിന്റെ പാവനാത്മാവ് വളരെ ശാന്തമായി തന്റെ നാഥന്റെ സന്നിധിയിലേക്ക് യാത്രയായി.

75 വർഷത്തെ വിശുദ്ധമായ സന്ന്യാസജീവിതത്തിലൂടെ സഭയേയും സമൂഹത്തേയും സേവിച്ച് നിത്യതയിൽ ഒരു പ്രകാശനാളമായിത്തീർന്ന ഞങ്ങളുടെ പ്രിയപ്പെട്ട സിസ്റ്റർ മാർഗരറ്റിന് ബഥനി കുടുംബത്തിന്റെ സ്നേഹപ്രണാമം...

# പ്രാർത്ഥനാസ്മരണകളോടെ.....

സി.വിജയയുടെ വത്സല മാതാവ് എൽസി വർഗ്ഗീസ് (62) ജനുവരി 16 ന് നിര്യാതയായി. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ജനുവരി 29-ാം തീയതി നമ്മുടെ പ്രിയപ്പെട്ട സി. സുഭാഷിതയുടെയും, സി. പ്രസൂനയുടെയും വൽസല പിതാവ്, ഏലിയാസ് ഇച്ചിപ്പിള്ളിൽ (80) കർത്താവിൽ നിദ്ര പ്രാപിച്ചു.

വത്സല മാതാപിതാക്കളുടെ ദേഹവിയോഗത്തിൽ ദു:ഖാർത്തരായ സിസ്റ്റേഴ്സ് ഓരോരുത്തർക്കും ദൈവം സമാശ്വാസം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പരേതാത്മാക്കൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

# പ്രാർത്ഥനയിൽ ഓർക്കാം

## MAY 2023

| | | |
|---|---|---|
| 1 | Sr. Sebia | (TVM) |
| 3 | Sr. Archana | (TVM) |
| 4 | Sr. Martha | (TLA) |
| 5 | Sr. Nirmala | (BTY) |
| 9 | Sr. Monica | (TLA) |
| 11 | Sr. Rita Mary | (MPA) |
| 13 | Mother Denaha | |
| 18 | Sr. Segdas | (TVM) |
| 19 | Sr. Smirtha | (TVM) |
| 24 | Sr. Bernaditha | (TLA) |
| 27 | Sr. Agnes | (PTA) |
| 31 | Sr. Beninja | (TLA) |

## JUNE 2023

| | | |
|---|---|---|
| 3 | Sr. Philomena | (TLA) |
| 7 | Sr. Annunciatta | (TLA) |
| 7 | Sr. Dorothy | (PTA) |
| 8 | Sr. Ivania | (PTA) |
| 14 | Sr. Ann | (TLA) |
| 19 | Sr. Thara | (BTY) |
| 22 | Sr. Felix | (TLA) |
| 22 | Sr. Mary | (TLA) |
| 23 | Sr. Anasthasia | (TVM) |
| 25 | Sr. Seraphia | (TLA) |
| 25 | Sr. Mary Magdaline | (TLA) |
| 25 | Sr. Rumsa | (TLA) |
| 26 | Sr. Maria Goretti | (PTA) |
| 28 | Sr.Mettilda | (TLA) |
| 30 | Sr. Susheela | (TLA) |

## JULY 2023

| | | |
|---|---|---|
| 2 | Sr.Alphonsa | (TLA) |
| 2 | Sr. Shina Mary | (MPA) |
| 10 | Mother Sybar | |
| 12 | Sr. Mary Getrude | (TLA) |
| 15 | Sr. Emera | (TVM) |
| 16 | Sr. Laura | (TLA) |
| 17 | Sr. Haliyuse | (PTA) |
| 22 | Sr. Thresia | (TLA) |
| 22 | Sr. Blessy | (TLA) |
| 27 | Sr. Virginia | (TLA) |

ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹം
ആദ്യവ്രതവാഗ്ദാനം നടത്തിയവർ – ഏപ്രിൽ 2023



സിസ്റ്റർ സേറ, സിസ്റ്റർ സോഫിയ മരിയ,
സിസ്റ്റർ കാത്‌ലീൻ, സിസ്റ്റർ ജ്യൂവൽ (ഇടത്തു നിന്ന്)

ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹം
നിത്യവ്രതവാഗ്ദാനം നടത്തിയവർ – ഏപ്രിൽ 2023



സിസ്റ്റർ പീയൂഷ, സിസ്റ്റർ ഫൗസ്റ്റീന, സിസ്റ്റർ വിമൽ, സിസ്റ്റർ ആൽഫി, സിസ്റ്റർ ലിസ്മരിയ, സിസ്റ്റർ ജ്യോതിസ്സ്, സിസ്റ്റർ ആഗ്നസ് മരിയ, സിസ്റ്റർ ശ്രേയസ്സ് (ഇടത്തു നിന്ന്)